(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/177/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.
ഫോൺ -0495 2371012
ഇ-മെയിൽ – dokkd.ksad@kerala.gov.in

തീയതി.26.05.2020

ജോയിന്റ് ഡയറക്ടർ

ചെയർമാൻ ( സെക്രട്ടറി മുഖേന)

മുക്കം നഗരസഭ

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്-

മുക്കം നഗരസഭ -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുക്കം നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3)ഡയറക്ടർ,നഗര കാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4)റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗര കാര്യ വകുപ്പ്, കോഴിക്കോട്.
5)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി. പി.13/177/2020 തീയതി 26.05.20

# കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് **295(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2018 മുതൽ 31.3.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ഗീത.എം, ജോയിന്റ് ഡയറക്ടർ |

| ഓഡിറ്റ് നടത്തിയ തിയ്യതി | 9.1.2020 മുതൽ 22.1.2020 വരെ |
|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | |
| **പേര്** | **ഉദ്യോഗപ്പേര്** |
| ശ്രീ.മനോഹരൻ.എം | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.ധീരജ്.ജെ | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഷൈന.എ.കെ. | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജി.ഇ.കെ. | ഓഡിറ്റർ ട്രെയിനി. |

## (ബി)നിർവ്വഹണാധികാരികൾ

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
|---|---|---|
| ചെയർമാൻ | ശ്രീ.വി കുഞ്ഞൻ മാസ്റ്റർ | 1-04-2018മുതൽ31-03-2019വരെ |
| സെക്രട്ടറി | ശ്രീ.എൻ.കെ.ഹരീഷ് | 1-04-2018 മുതൽ 31-03-2019 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി. ധന്യ സി.ആർ | 1-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.സ്മിത.ഇ.പത്മാവതി | 1-04-2018 മുതൽ |

| | | |
|---|---|---|
| സൂപ്പർവൈസർ | | 30-06-2018വരെ<br>01-07-2018 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സത്യവതി<br>ഡോ.കേദിനി.വി.കെ | 1-04-2018 മുതൽ<br>17-07-2018വരെ<br>18-07-2018 മുതൽ<br>31-03-2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സനിൽകുമാർ | 1-04-2018 മുതൽ<br>31-03-2019 വരെ |
| വെറ്റിനറി സർജൻ | ഡോ.വേലായുധകുമാർ<br>ഡോ. അരുൺകുമാർ | 1-04-2018 മുതൽ<br>31-12-2018വരെ<br>1-01-2019 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മൃദുല<br>ഡോ. മകുടംതമ്പി | 1-04-2018 മുതൽ<br>17-06-2018വരെ<br>18-06-2018 മുതൽ<br>31-03-2019വരെ |
| പ്രിൻസിപ്പാൾ, GHSS | ശ്രീമതി.റസിയ | 1-04-2018 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കെ.ആലിക്കുട്ടി<br>ഡോ. മോഹൻ എം. | 1-04-2018 മുതൽ<br>31-07-2018വരെ<br>31-07-2018 മുതൽ<br>31-03-2019വരെ |
| കൃഷി ഓഫീസർ | ഡോ.പ്രിയ മോഹൻ | 01-04-2018 മുതൽ<br>31.3.2019 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ബി.വി.മുഹമ്മദ് നയിം | 1.4.2018 മുതൽ<br>31.3.2019 വരെ |
| പ്രോജക്റ്റ് ഓഫീസർ, പിഎയു | ശ്രീമതി. നീറീജിയണൽ ജോയിന്റ് ഡയറക്ടർ,തു.കെ. | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. മധുസൂദനൻ | 01-04-2018 മുതൽ<br>31-03-2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| | | **ഭാഗം-1 പൊതു അവലോകനം** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |

| | | |
|---|---|---|
| 7 | 1-7 | കാഷ് പരിശോധന |
| 8 | 1-8 | ആഭ്യന്തര നിയന്ത്രണം |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 11 | 1-11 | ക്ഷേമപദ്ധതികൾ |
| 12 | 1-12 | രശീതി പരിശോധന – അപാകതകൾ |
| 13 | 1-13 | സ്ഥാപനങ്ങൾ സമർപ്പിച്ച ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണിൽ അപാകം – നഗരസഭയുടെ മേൽ നോട്ട സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. |
| 14 | 1-14 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല. |
| 15 | 1-15 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും,സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയതിലെ അപാകതകൾ |
| 16 | 1-16 | കെട്ടിടമുറികളുടെ വാടക – ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല |
| 17 | 1-17 | മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല – മേൽനോട്ട സംവിധാനം കാര്യക്ഷമമല്ല. |
| 18 | 1-18 | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. |
| 19 | 1-19 | ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വ്യത്യസ്തമായ രീതിയിൽ കണക്കാക്കി നികുതി നിശ്ചയിക്കുന്നു. |
| 20 | 1-20 | ഭൂജലവകുപ്പിൽ നിന്നും തിരികെ ലഭിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല. |
| 21 | 1-21 | കണക്ടിവിറ്റി മാപ്പില്ലാതെ റോഡ് പ്രവൃത്തികൾ നടപ്പിലാക്കുന്നതും പൊതു മരാമത്തു പ്രവൃത്തി ബില്ലിൽ നിന്ന് ഓവർ ഹെഡ് ചാർജ്ജ് ഈടാക്കുന്നതും സംബന്ധിച്ച് |
| 22 | 1-22 | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. |
| 23 | 1-23 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു. |
| 24 | 1-24 | ടെണ്ടർ ഫോറ വില മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല. |
| 25 | 1-25 | പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി – പദ്ധതി ആരംഭിക്കുന്നതിൽ കാലതാമസം |
| 26 | 1-26 | അനുബന്ധ സ്ഥാപനങ്ങൾക്ക് സേവനം മെച്ചപ്പെടുത്തൽ – ഇൻവോയ്സ് പ്രകാരമുള്ള തുകയേക്കാൾ അധികം നൽകി. |
| 27 | 1-27 | ഭവനനിർമ്മാണ പദ്ധതി ആനുകൂല്യം ഗുണഭോക്താവല്ലാത്ത വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് നൽകി. |
| 28 | 1-28 | തോട്ടത്തിൽ കടവ് വ്യവസായ കേന്ദ്രത്തിൽ വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നില്ല. |
| 29 | 1-29 | ഭവനനിർമ്മാണ പദ്ധതി ആനുകൂല്യം ഗുണഭോക്താവല്ലാത്ത വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് നൽകി. |
| 30 | 1-30 | ഹോളോബ്രിക്ക് നിർമ്മാണ യൂനിറ്റിന് സാധനങ്ങൾ വാങ്ങൽ പദ്ധതി ചെലവ് തുക തനത് ഫണ്ടിലേയ്ക്ക് മുതലക്കൂട്ടുന്നത് സംബന്ധിച്ച് |
| 31 | 1-31 | വാർഷിക വരുമാനപരിധി ലംഘിച്ച് വിവാഹ ധനസഹായം നൽകി. |
| 32 | 1-32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി ഗുണഭോക്താക്കളുടെ അർഹത |

| | | |
|---|---|---|
| 33 | 1-33 | വിവാഹധനസഹായം – പദ്ധതി നിർവ്വഹണത്തിലെ അപാകത |
| 34 | 1-34 | പി.എം.എ.വൈ. ഭവനപദ്ധതി നിർവ്വഹണം – ചെലവ് രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ലാത്തതും മറ്റ് അപാകതകളും |
| 35 | 1-35 | പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം – പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 36 | 1-36 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 37 | 1-37 | ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ ലഭിച്ചിട്ടില്ല. |
| 38 | 1-38 | ആർ.എം.എസ്.എ.പദ്ധതി – ചെലവ് രേഖകൾ ഹാജരാക്കിയില്ല. |
| 39 | 1-39 | ശമ്പളപരിഷ്കരണ കുടിശ്ശികയ്ക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. |
| 40 | 1-40 | പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് സൂക്ഷിപ്പിലെ ന്യൂനതകൾ സംബന്ധിച്ച് |
| 41 | 1-41 | എൻ.പി.എസ് – ജീവനക്കാർക്ക് ലാഭവിഹിതം ലഭിച്ചില്ല. |
| 42 | 1-42 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 43 | 1-43 | ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ നിയമാനുസൃതമായി അടക്കുന്നില്ല. |
| 44 | 1-44 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം രജിസ്റ്റർ – വിശദാംശങ്ങളില്ല. |
| 45 | 1-45 | സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് കാലികമാക്കാത്തത് സംബന്ധിച്ച് |
| 46 | 1-46 | ലൈബ്രറി സെസ്സ് – കൃത്യമായി അടവാക്കിയില്ല. |
| 47 | 1-47 | ഇടവിളകൃഷി – പദ്ധതി നടത്തിപ്പിലെ അപാകത |
| 48 | 1-48 | സർക്കാർ അനുമതിയില്ലാതെ ദിവസവേതനത്തിൽ ജീവനക്കാരെ നിയമിച്ചു |
| 49 | 1-49 | പൗരാവകാശ രേഖ തയ്യാറാക്കിയില്ല. |
| **ഭാഗം- 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| ഇല്ല | | |
| **ഭാഗം- 3- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 50 | 3-1 | വാർഷിക വരുമാനപരിധി ലംഘിച്ച് വിവാഹധനസഹായം നൽകി |
| 51 | 3-2 | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. |
| **ഭാഗം-4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 42 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 43 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 44 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 45 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 46 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 47 | 4-6 | ഓഡിറ്റ് റിക്കവറി |
| 48 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 49 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 50 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 51 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 52 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28.3.18 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ബജറ്റും 27.2.19 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ / പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കേരള മുനിസിപ്പാലിറ്റി നിയമം പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ പാലിക്കേണ്ട ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

(എ) സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി സെക്രട്ടറി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 285] . എന്നാൽ 2018-19ലെ ബജറ്റ് തയ്യാറാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മിററികളിൽ നിന്ന് നിർദ്ദേശങ്ങൾ വാങ്ങുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിക്കുന്നതു തന്നെ 9.2.2018 ലെ യോഗത്തിലാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ സർപ്പിച്ച പ്രൊപ്പോസലുകളും ആയതിനെ അടിസ്ഥാനമാക്കി സെക്രട്ടറി തയ്യാറാക്കിയ ബജറ്റ് നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ബജറ്റ് ഫയൽ പരിശോധനക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ചട്ടപ്രകാരം ബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

(ബി) എല്ലാ വർഷവും മാർച്ച് മാസം ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് കൗൺസിലിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് സെക്ഷൻ 287]. എന്നാൽ 2018-19ലെ കരട് ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് 27.3.2018 ലാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കാലതാമസം വരുന്നതായി ഇതിൽ നിന്നും വ്യക്തമാണ്.

(സി) 2018-19 ലെ പുതുക്കിയ ബജറ്റ് 27.2.2019ലെ തീരുമാനം നം.1 പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ഇതിലെ വരവുചെലവുതുകകൾ യഥാർത്ഥത്തിലുള്ള വരവുചെലവുതുകകളുമായി വലിയ അന്തരം നിലനിൽക്കുന്നു. ഇത്തരത്തിൽ അന്തരം ഉണ്ടാകുന്നതിനുള്ള സാഹചര്യം വ്യക്തമല്ല.

അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും അപാകതകളില്ലാതെ ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 06.6.2019 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | തീയതി |
|---|---|---|
| 2018-19 | 17-8-2019 മുതൽ 18-08-2019 വരെ | കെ.എസ്.എ.കെ.കെ.ഡി. ഇ2/887/19(87) തി. 25.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 46147453 |
| വരവ് | 197201483 |
| ആകെ | 243348936 |
| ചെലവ് | 204284202 |
| നീക്കിയിരിപ്പ് | 39064734 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 19262884 | 19262884 | 19262884 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 23303000 | 23303000 | 23303000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 439000 | 439000 | 439000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 18364000 | 18364000 | 18364000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4318000 | 4318000 | 4318000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 9239074 | 9239074 | 6903000 | 2336074 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 14471598 | --- | --- | --- |
| തനത് ഫണ്ട് — ബാങ്ക് അക്കൗണ്ട് | 23553487 | ____ | ____ | ____ | 3684575 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 0 | 29480365 | 29480365 | 25628348 | 3852017 |

തനത് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്, സെൻട്രൽ ഫണ്ടുകൾ എന്നിവയുടെ എ.സി.ആറുകൾ പ്രത്യേകം എഴുതി സൂക്ഷിക്കാത്തതിനാൽ ഇനം തിരിച്ച കണക്ക് ലഭിച്ചിട്ടില്ല. മറ്റ് കണക്കുകൾക്ക് വാർഷിക കണക്കുമായുള്ള വ്യത്യാസം വാർഷിക കണക്കുകളുടെ അപാകതയിൽ വിശദീകരിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 414 | 261033746 | 307 | 113964340 | 4 | 103 | 74.15% |

ഡി.പി.സി. അഗീകാരം ലഭിച്ച 414 പ്രൊജക്ടുകളിൽ 307എണ്ണം ഓഡിററു വർഷം പൂർത്തീകരിച്ചിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 261033746/-രൂപ വകയിരുത്തിയതിൽ 113964340/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 38764084/-രൂപ തനതുഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരിക്കുന്നതിന്റെ അടിസ്ഥനരേഖയായ സ്റ്റാററസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പദ്ധതി മോണിട്ടറിംഗ് നടത്തുന്നതിനോ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. പുതിയ സ്ഥിതിവിവര കണക്കുകൾ കൂടി കണക്കിലെടുത്ത് സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. വാർഷികപദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രണ്ടോ മൂന്നോ യോഗങ്ങൾ ചേർന്നതല്ലാതെ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി നിർവ്വഹണ മോണിട്ടറിംഗ് നടത്തിയിട്ടില്ലെന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

ഡി.പി.സി.അംഗീകാരം ലഭിച്ച 301 മരാമത്തു പ്രൊജക്ടുകളിൽ 198 പ്രവൃത്തികളാണ് (66 ശതമാനം) തൻവർഷം നടപ്പാക്കിയിട്ടുള്ളത്. മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ലെന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്യതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ പുർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതായും അപ്രകാരം കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട് (ഖണ്ഡിക 1-22 കാണുക).

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ, വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന കാർഷിക പ്രോജക്ടുകൾ നഗരസഭ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ /വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയിൽ ആർ.എം.എസ്.എ. പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുക്കുകയോ മുഴുവൻ തുകക്കുമുള്ള ക്യാഷ് ബിൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല (ഖണ്ഡിക 1-38 കാണുക). പട്ടികജാതി വിവാഹ ധനസഹായം, സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം എന്നീ പദ്ധതികളുടെ നടത്തിപ്പിലുണ്ടായ വീഴ്ചകൾ ഖണ്ഡികയായി ചേർത്തിട്ടുണ്ട്. പി.എം.എ.വൈ. പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം വൻതുക പദ്ധതിയിലുൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിൽ ഒട്ടേറെ വീഴ്ചകളുണ്ടായിട്ടുണ്ട് (ഖണ്ഡിക 1-34കാണുക).

ആരോഗ്യമേഖലയിൽ സി.എച്ച്.സി.യിലേക്ക് മരുന്നുകൾ വാങ്ങുന്ന പദ്ധതിയിൽ, കെ.എം.സി.എൽ യഥാസമയം മരുന്നുകൾ വിതരണം ചെയ്യാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത് (ഖണ്ഡിക 1-17കാണുക).

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.1.2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 113032/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

1. നഗരസഭ വിവിധ ഏജൻസികൾക്ക് ഡപ്പോസിറ്റ് പ്രവൃത്തിയ്ക്കായി നൽകിയ തുകയിൽ, വിനിയോഗ സാക്ഷ്യപത്ര പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം തിരികെ ലഭ്യമാക്കിയ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കുന്നതിനും, ഡപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി കരാർ കാലാവധിക്കുള്ളിൽ നിർവ്വഹണ ഏജൻസികൾ പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നഗരസഭ തുടർ നടപടികൾ കൈക്കൊള്ളുന്നില്ല.

2. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത്, നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.

3. 16.1.2016ലെ എ.ബി.2/703/ത.സ്വ.ഭ.വ/നമ്പർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിലേക്കു വാങ്ങുന്ന കമ്പ്യൂട്ടറുകൾ, യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്ററുകൾ എന്നിവ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അവ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. നഗരസഭയിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

5. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും നഗരസഭ തയ്യാറാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ 2018-19 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി നഗരസഭ അവലംബിച്ചു കാണുന്നു. വാങ്ങലുകൾ നടത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

6. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. തൊഴിൽ നികുതി, ഡി.&ഒ.ലൈസൻസ് എന്നീ ഇനങ്ങളിലെ നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് നഗരസഭ ശ്രദ്ധചെലുത്തുന്നില്ല.

7. 2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം പൊതു തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിന് ശേഷം കഴിയുന്നതും നേരത്തെ എന്നാൽ 6 മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റി 2015 നവംമ്പറിൽ നിലവിൽവന്നതിന് ശേഷം പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടില്ല

8. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

9. വിവിധ ജീവനക്കാർ നിർവ്വഹിക്കേണ്ട ജോലി കൃത്യമായി നിർണ്ണയിച്ചു നൽകുന്നതിനായി സെക്ഷൻ അടിസ്ഥാനത്തിൽ ജോലി വിഭജന രേഖ തയ്യാറാക്കി ചുമതല ഏൽപിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ആയതിനാൽ സെക്രട്ടറി, ഹെൽത്ത് ഓഫീസർ, പ്രൊജക്ട് ഓഫീസർ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവരുടെ ഫയൽ സൂക്ഷിപ്പിൽ അപാകതകളുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

10. ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും നിർബന്ധിത റിക്കവറികൾ ഈടാക്കുന്നതിലും, ഈടാക്കിയ റിക്കവറി തുകകൾ യഥാസമയം ഒടുക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിലും, പി.എഫ് ചട്ടപ്രകാരമാണോ താൽക്കാലിക വായ്പകൾ അനുവദിക്കുന്നതെന്ന് ഉറപ്പാക്കുന്നതിലും മേൽനോട്ട സംവിധാനം കാര്യക്ഷമമല്ല.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) തൊഴിൽ നികുതി, മാലിന്യസംസ്ക്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി നഗരസഭയെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) ക്രമനം 1,2,3,9,10എന്നിവയിൽ പരാമർശിച്ച അപാകതകൾ ഈ റിപ്പോർട്ട് കിട്ടിയയുടൻ പരിഹരിക്കേണ്ടതാണ്.

എഫ്)വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ജി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

എച്ച്) ജീവനക്കാർക്ക് കൃത്യമായ ജോലിവിഭജനം നൽകി ചുമതലകൾ ഏൽപിക്കുന്നതിനും, ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും, മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച റിപ്പോർട്ടും, അതുമൂലം അതാതു മേഖലകളിലുണ്ടായ മാറ്റങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 20-11-2015 | 2015-16 കാലഘട്ടം | ലഭ്യമല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.6.17 – 17.7.2017 | 2012-13 2016-17 | LBA/(HQ)VI/ 8A-2657/141 തി 31-8-17 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

മുക്കം നഗരസഭയുടെ 2018-19 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വാർഷിക കണക്കുകൾ ഭരണസമിതി അംഗീകാരം ലഭിക്കാതെ ഓഡിറ്റിനായി 03.06.2019 ന് നഗരസഭയിൽ നിന്നും അയച്ചിട്ടുണ്ട്. ആയത് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത് 26.06.2019 ലെ 14-ാം നമ്പർ തീരുമാനപ്രകാരമാണ്. ഭരണസമിതി അംഗീകരിക്കുന്നതിന് മുമ്പാണ് AFS ഓഡിറ്റിനായി അയച്ചിരിക്കുന്നത്. (സ്റ്റാന്റിംഗ് കമ്മിറ്റി തീ. (A1/4824/19 Dated 21.05.2019 )

2. Balance sheet schedule B17 പ്രകാരം 12146807/- രൂപ PMAY യുടെ (ICICI Bank ) അക്കൗണ്ടിലുണ്ട്. എന്നാൽ bank reconciliation statement ൽ 10000000/- ( ഒരു കോടി രൂപ ) 27.02.2019 ൽ directly debited by bank കാണുന്നു. ഈ തുക ICICI Bank ൽ തന്നെ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചതാണ് എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ഇത് investment ആയി AFS ൽ ഉൾപ്പെടുത്തുകയോ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി അക്കൗണ്ട് ചെയ്യുകയോ ചെയ്തിട്ടില്ല. കൂടാതെ ഈ തുക ഫിക്സഡ് ഡെപ്പോസിറ്റ് ഇട്ടതിന്റെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. താഴെ കാണിച്ച ഗ്രാന്റിനങ്ങൾ എ.സി.ആർ. പ്രകാരമുള്ള തുകയും വാർഷിക ധനകാര്യപത്രികയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | | | |
|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 19262876 | 19193156 |
| 2 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 6903000 | 6810951 |
| 3 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 18364000 | 17619970 |
| 4 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 4318000 | 3880560 |
| 5 | വികസനഫണ്ട് (എസ്.സി.പി.) | 23303000 | 22968000 |
| 6 | ജനറൽ പർപ്പസ് ഗ്രാന്റ് | 38861073 | 14405195 |

മറ്റ് ഗ്രാന്റിനങ്ങളുടെ എ.സി.ആർ. പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. തൊഴിലില്ലായ്മാ വേതനം ഇനത്തിൽ രജിസ്റ്റർ പ്രകാരം 285500/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. (തൻവർഷം ലഭിച്ച 379580/- രൂപയിൽ 94080/- രൂപ ട്രഷറിയിൽ തിരിച്ചടവാക്കിയിട്ടുണ്ട്. യഥാർത്ഥ ചെലവ് തുക വരവായി രേഖപ്പെടുത്തേണ്ടതിന് പകരം വാർഷിക കണക്കിൽ 379580/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത് )

5. ഇ-ടെണ്ടർ ഇനത്തിൽ വരവ് വന്ന 335458/- രൂപ ( എ.ഇ.യുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ) എ.ഇ.യുടെ പേരിൽ എസ്.ബി.എ െ.യിലുള്ള കറന്റ് അക്കൗണ്ടിൽ നിന്നും മുനിസിപ്പിൽ ഫണ്ടിലേയ്ക്ക് വരവ് പിടിച്ചിട്ടില്ല.

6. ക്യാഷ് ബുക്ക് പ്രകാരം മാ ർേച്ച് 31 ന് ക്യാഷ് ബാലൻസ് 1 രൂപ കാണുന്നുണ്ട്. എന്നാൽ എ.എഫ്.എസിലെ ആർ.പി. 40 ബി, ബി.17 എന്നിവയിൽ ക്യാഷ് ബാലൻസ് ഒരു രൂപ കുറവായാണ് കാണുന്നത്.

7. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ വാർഷിക ഡെപ്പോസിറ്റ് ബാലൻസ് എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.

8. വാടക രജിസ്റ്റർ സംക്ഷിപ്തം എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

9. സ്ഥാപനം നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ (Liability in respect of stale cheque) എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

1. Mukkam Service co-operative bank A/c No. 15723

2.SBI പെൻഷൻ ഫണ്ട് A/c No. 207

10. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമിനത്തിൽ വരവ് വന്ന തുക രേഖപ്പെടുത്തിയിട്ടില്ല.

11. കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

12. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

13. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

14. തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളുടെ വിശദാംശം പരിശോധിക്കുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

15. ഡേ ബുക്ക്, കാഷ് ബുക്ക് എന്നിവ ദൈനം ദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

16. ഓരോ മാസവും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

17. പ്രൊഫഷണൽ ടാക്സ് ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

18. ട്രേഡേഴ്സ് പ്രൊഫഷൻ ടാക്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

19. വസ്തു നികുതി രജിസ്റ്ററും ഡി.സി.ബി. സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ല.

20. സ്റ്റോക്ക് രജിസ്റ്റർ വാല്യു ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

21. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്),പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

22. ബി.ഫണ്ട് വരവ് ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

23. അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള പാർട്ട് ബിൽ തുകയും വാർഷിക കണക്കിലെ Capital work in progress ഹെഡിലെ തുകയും പൊരുത്തപ്പെടുന്നില്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 379580 | 180 |
| കർഷക തൊഴിലാളി പെൻഷൻ | 13990300 | 949 |
| വിധവാ പെൻഷൻ | 26418400 | 1555 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 29882700 | 1992 |
| വികലാംഗ പെൻഷൻ | 7852800 | 463 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 1875400 | 112 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-12 രശീതി പരിശോധന – അപാകതകൾ

മുക്കം നഗരസഭയുടെ 2018-19 വർഷത്തെ രശീതി, ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ക്യാമ്പ് കലക്ഷനു വേണ്ടിയും മാനവൽ കലക്ഷനുവേണ്ടിയും ഉപയോഗിക്കുന്ന രശീതി ബുക്കുകളിൽ നിന്നും കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താതെ ധാരാളം രശീതികൾ റദ്ദ് ചെയ്തിട്ടുണ്ട്. ഇതിന് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ബുക്ക് നം. | റദ്ദാക്കിയ രശീതി നം | അപാകതകൾ |
|---|---|---|
| 172 | 17157 | റദ്ദാക്കാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. |
| 174 | 17320 | ടി |
| 180 | 17920 | ടി |
| 181 | 18040 | ടി |
| 183 | 18226 | ടി |
| 186 | 18578 | ടി |
| 189 | 18809 | ടി |
| 191 | 19056 | ടി |
| 199 | 19863 | ടി |
| 208 | 20736 | ടി |

2) രശീതി ബുക്ക് നം. 162 (16101 മുതൽ 16200 വരെ), ബുക്ക് നം. 163 (16201 മുതൽ 16300 വരെ) എന്നിവയിൽ യഥാക്രമം 16127 മുതൽ 16200 വരെയും, 16279 മുതൽ 16300 വരെയും ഉള്ള രശീതികൾ ഉപയോഗിക്കുകയോ റദ്ദ് ചെയ്യുകയോ ചെയ്തിട്ടില്ല. ആയത് റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

3) സാംഖ്യ ഉപയോഗിച്ച് അക്കൗണ്ടിങ്ങ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള നഗരസഭകളിൽ , ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ അതതു ദിവസങ്ങളിൽ പ്രിന്റ് എടുത്ത് സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ

സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും ഇപ്രകാരം സൂക്ഷിച്ചിട്ടില്ല.

4) സാംഖ്യ രശീതികളുടെ കാൻസൽഡ് റസീറ്റ് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5) വെറ്ററിനറി സർജ്ജന് ഇഷ്യു ചെയ്ത ബുക്ക് നം. 146-ൽ രശീതി നം. 14501 മുതൽ 14508 വരെ ഡബിൾ സൈഡഡ് കാർബ്ബൺ ഉപയോഗിച്ചിട്ടില്ല. 14509 മുതൽ 14600 വരെ ഉപയോഗിക്കുകയോ റദ്ദ് ചെയ്യുകയോ ചെയ്തില്ല.

6) രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയില്ല

7) രശീതി ബുക്ക് സ്റ്റോക്ക് രജിസ്റ്ററിലെ ഇഷ്യൂ, ബാലൻസ് എന്നിവ അധികാരികൾ ആരും തന്നെ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിക്കാൻ ചുവടെ കൊടുക്കുന്ന പരിഹാര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
രശീതി ബുക്കുകളിൽ നിന്നും റദ്ദ് ചെയ്യുന്ന രശീതികൾ റദ്ദാക്കാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ അതതു ദിവസങ്ങളിൽ പ്രിന്റ് എടുത്ത് സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതും സാംഖ്യ രശീതികളുടെ കാൻസൽഡ് റസീറ്റ് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം. 2/15-01-2020-ന്, ഇനി മുതൽ ക്യാൻസൽ ചെയ്ത രശീതികളിൽ സൂപ്രണ്ടിന്റെ ഒപ്പ് വാങ്ങി സൂക്ഷിക്കുന്നതാണ് എന്നും ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ അതത് ദിവസങ്ങളിൽ പ്രിന്റ് എടുത്ത് സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ച് വരുന്നുണ്ട് എന്നും രശീതി ബുക്കുകളിലെ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ഇനി മുതൽ എഴുതി സൂക്ഷിക്കുന്നതാണ് എന്നും റസീപ്റ്റ് സ്റ്റോക്ക് രജിസ്റ്ററിലെ ഇഷ്യൂ, ബാലൻസ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ - സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണിൽ അപാകത - നഗരസഭയുടെ മേൽ നോട്ട സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

മുക്കം നഗരസഭ പരിധിയിലെ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ജീവനക്കാരുടെ 2018-19 വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകളിൽ എതാനും ചിലത് ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | അപാകതകൾ |
|---|---|---|---|
| 1 | സെന്റ് ജോസഫ് ഹോസ്പിറ്റൽ, അഗസ്ത്യമുഴി | ഒന്നാം അർദ്ധ വർഷം | 1.റിട്ടേണിൽ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കാണിച്ചിട്ടില്ല.<br>2. ഡ്രൈവറുടെ അർദ്ധ വർഷ വരുമാനം 20,000/- രൂപയാണ് കാണിച്ചതെങ്കിലും 180/- രൂപയ്ക്കു പകരം 1000/- രൂപയാണ് അർദ്ധ വർഷ നികുതിയായി നിർണ്ണയിച്ചിരിക്കുന്നത്. |
| 2 | ബി.ആർ.സി കുന്ദമംഗലം | ടി | റിട്ടേണിൽ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കാണിച്ചിട്ടില്ല. |
| | | | |

| | | | |
|---|---|---|---|
| 3 | കെ.എം.സി.ടി ഡെന്റൽ കോളേജ് | ടി | ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം കാണിക്കാതെ റിട്ടേൺ സമർപ്പിച്ചു. |
| 4 | കെ.എം.സി.ടി ആയുർ വേദ കോളേജ് | ടി | അടിസ്ഥാന ശമ്പളം റിട്ടേണിൽ കാണിക്കാതെ നികുതി നിർണ്ണയിച്ച് ഈടാക്കി |
| 5 | അത്താണി പെട്രോൾ പമ്പ് | ടി | ആകെയുള്ള 12 ജീവനക്കാരിൽ അർദ്ധ വർഷ വരുമാനം കാണിക്കാതെ 2 പേർക്ക് 600/- രൂപാ വീതവും ബാക്കിയുള്ളവർക്ക് 450/- രൂപാ വീതവും കാണിച്ച് റിട്ടേൺ സമർപ്പിച്ചു. |
| 6 | എെഡിയൽ കോളേജ് പബ്ളിക് സ്കൂൾ | ടി | 4 ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനമായി 18000/- രൂപ വീതമാണ് കാണിച്ചിരിക്കുന്നതെങ്കിലും 180/- രൂപയ്ക്കു പകരം 130/ രൂപ വീതമാണ് തൊഴിൽ നികുതിയായി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നത്. |
| 7 | കെ.എം.സി.ടി ഡെന്റൽ കോളേജ് | രണ്ടാം അർദ്ധ വർഷം | നിശ്ചയിച്ച ഫോർമാറ്റിലല്ല തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടുള്ളത്. അർദ്ധ വാർഷിക വരുമാനവും ക്ഷാമബത്തയും കാണിക്കാതെയാണ് റിട്ടേൺ നൽകിയിരിക്കുന്നത് |

<u>താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു.</u>

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | പള്ളേരി ഹിൽ പബ്ളിക് സ്കൂൾ | ബെന്നി ലൂക്കോസ് | ഒന്നാം അർദ്ധ വർഷം | 60640 | 600 | 450 | 150 |
| | | സുധ.എ.കെ | ടി | 66978 | 600 | 450 | 150 |
| | | സുഗത കുമാരി | ടി | 60550 | 600 | 450 | 150 |
| 2 | കെ.പി ചന്ദ്രപ്പൻ, HPC ഡീലർ അഗസ്ത്യമുഴി | രാജീവൻ | ടി | 60000 | 600 | 450 | 150 |
| | | ബാബു | ടി | 45000 | 450 | 300 | 150 |
| | | രാരുക്കുട്ടി | ടി | 45000 | 450 | 300 | 150 |
| | | സുരേഷ് | ടി | 45000 | 450 | 300 | 150 |
| | | ബാബു.ടി | ടി | 45000 | 450 | 300 | 150 |
| | | പ്രസന്ന | ടി | 45000 | 450 | 300 | 150 |
| 3 | വയലിൽ കുഞ്ഞാലി | രാധാമണി. ഒ.ടി | ടി | 50000 | 450 | 300 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഹാജി ഓർഫനേജ് കോളേജ് | | | | | | |
| 4 | കെ.എം.സി.ടി മെഡിക്കൽ കോളേജ് | ഡോ.യൂനുസ്.സി.കെ | ടി | 60000 | 450 | 300 | 150 |
| | | ഡോ. സുബ്രമണ്യൻ | ടി | 60000 | 450 | 300 | 150 |
| 5 | കെഎം.സി.ടി കോളേജ് ഓഫ് എഞ്ചിനീയറിംഗ് | ശ്രീരഞ്ജിനി | രണ്ടാം അർദ്ധവർഷം | 66971 | 600 | 300 | 300 |
| | | ഡോ.ശ്യാമള.എൻ.കെ | ടി | 212575 | 1250 | 1000 | 250 |
| | | സുപ്രിയ.എൻ | ടി | 176572 | 1250 | 1000 | 250 |
| | | റിയാസ് അലി എം.കെ | ടി | 220000 | 1250 | 1000 | 250 |
| | | അഭയ് വേലായുധൻ | ടി | 187000 | 1250 | 1000 | 250 |
| | | അഞ്ജു ഉണ്ണി | ടി | 187000 | 1250 | 1000 | 250 |
| | | എംൈശ്വര്യ.ജി | ടി | 110000 | 1000 | 600 | 400 |
| | | ഷിറിൻ.കെ.സി | ടി | 200000 | 1250 | 1000 | 250 |
| | | അലക്സ് ജോൺസൺ | ടി | 166866 | 1250 | 750 | 500 |
| | | ജിത്തുമോൾ ജോർജ്ജ് | ടി | 117300 | 1000 | 450 | 550 |
| | **ആകെ** | | | | | | **5050** |

സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള സ്ലാബ് അനുസരിച്ചാണോ നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നത് എന്നും അർദ്ധ വാർഷിക വരുമാനത്തെ അടിസ്ഥാനപ്പെടുത്തിയാണോ റിട്ടേൺ നൽകിയിരിക്കുന്നത് എന്നുമുള്ള യതൊരു തരത്തിലുള്ള പരിശോധനകളും നഗരസഭ നടത്തിയില്ല. മേൽ നോട്ട ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. അപാകത വിശദീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 4/18-01-2019-ന് ഇനി മുതൽ റിട്ടേൺ വാങ്ങുമ്പോൾ പരിശോധനയ്ക്ക് വിധേയമാക്കുമെന്നും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് വന്ന മേൽ സ്ഥാപനങ്ങൾക്ക് കുറവ് തുക ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നൽകിയ മറ്റു സ്ഥാപനങ്ങളുടെ റിട്ടേണുകളും പരിശോധനയ്ക്ക് വിധേയമാക്കി കുറവു വന്ന നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല

നഗരസഭാ പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലും വീഴ്ചകൾ ഉണ്ടാകുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ വിട്ടു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ (ചട്ടം കാണുക) ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ നാലാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ മൂന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

3. ക്രമനം 1,2 എന്നിവയിൽ സൂചിപ്പിച്ച ഫോറം 2 ഉം ഫോറം 4 ഉം അടിസ്ഥാനപ്പെടുത്തിയാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. നഗരസഭയിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുതയും നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനച്ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു മാത്രമല്ല ചട്ടങ്ങളുടെ ലംഘനവുമാണ് .

<u>ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.</u>

നഗരസഭ പരിധിയിൽ താമസിച്ച് ജോലി ചെയ്തു വരുന്ന ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 245 പ്രകാരം ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ നഗരസഭ പ്രദേശത്തു താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സു നടത്തുകയോ പൊതുവെ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/21-1-2019 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശം പാലിച്ചു കൊണ്ട് അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയതിലെ അപാകതകൾ

<u>1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഫീസ് ഈടാക്കുന്നില്ല</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017/31.10.2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം മുനിസിപ്പാലിറ്റി (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക നഗരസഭയ്ക്ക് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 1444 അപേക്ഷകരിൽ നിന്നായി 318290/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 447 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും നഗരസഭാ പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

നഗരസഭയിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 4977 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ 1444 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം

പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാണ്. ഇക്കാര്യം നഗരസഭ ഇതുവരെയും പരിശോധിച്ചിട്ടില്ല. നഗരസഭയ്ക്ക് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നു എന്നതിലുപരി ജനങ്ങളുടെ ജീവനും സ്വത്തിനും, ആരോഗ്യത്തിനും ഹാനികരമാകും വിധം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഒഴിവാക്കുന്നതിനും മുനിസിപ്പാലിറ്റി ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് നഗരസഭയുടെ പോരായ്മയായി വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയേക്കണ്ടതാണ്.

**2)മുഴുവൻ ട്രേഡേഴ്സിനേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല**

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടയും വിവരങ്ങൾ അടങ്ങിയ വാർഡ്തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് നഗരസഭയിൽ നിലനിന്നു പോരുന്നത്.

സ്വയംഭരണ അധികാരമുള്ള നഗരസഭയുടെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447). ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പ് ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) നഗരസഭ നൽകേണ്ടത് (ചട്ടം 10).

അപേക്ഷയിൽ, അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, കെട്ടിട നമ്പർ, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻ വർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവ്, സ്ഥാപനത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തി എന്നും, മലിനീകരണ നിയന്ത്രണ ബോർഡോ വ്യവസായ വകുപ്പോ നൽകുന്ന സാക്ഷ്യപത്രം/ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

**3)സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി നൽകുന്നു.**

ലൈസൻസ് പുതുക്കി നല്കുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്തി ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വില്പന നടത്തുന്നില്ല എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്നും ഉറപ്പുവരുത്താൻ സാധിക്കുന്നു. മാത്രമല്ല നഗരസഭയുടെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നതായി പരിശോധനയിൽ വ്യക്തമാവുന്നു.

**4)രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാര്യക്ഷമമല്ല**

ലൈസൻസ് രജിസ്റ്ററിൽ വാങ്ങിയിട്ടുള്ള ഫീസിന്റെ വിവരങ്ങൾ, മോട്ടോർ റണ്ണിംങ് ഫീ, ബിലേറ്റഡ് ഫീ, തൊഴിൽ നികുതി എന്നിവ വ്യക്തമായി ചേർക്കുകയും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 4977 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തുകയും, ഫീൽഡ് തല അന്വേഷണത്തിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും, ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാൻ സ്ഥാപന ഉടമകൾക്ക് നിർദ്ദേശം നൽകുകയും 'ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ' ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതും/ പുതുക്കുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 1-16 കെട്ടിട മുറികളുടെ വാടക -ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല

മുക്കം നഗരസഭയിലെ വാടക രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള 49 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 567 (ബൈലോകൾ ഉണ്ടാക്കാൻ കൗൺസിലിനുള്ള അധികാരം) നിയമങ്ങൾ പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് നഗരസഭ ബൈലോ തയ്യാറാക്കിയിട്ടില്ല .

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 567 (ബൈലോകൾ ഉണ്ടാക്കാൻ കൗൺസിലിനുള്ള അധികാരം) നിയമങ്ങൾ പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് നഗരസഭ ബൈലോ തയ്യാറാക്കുകയും പാസ്സാക്കുകയും ചെയ്തതിനു ശേഷം സർക്കാരിലേക്കോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെയോ അംഗീകാരത്തിനായി അയയ്ക്കേണ്ടതാണ്. അംഗീകരിച്ച ബൈലോ പ്രകാരം കെട്ടിട മുറികൾ വാടകയ്ക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല - മേൽനോട്ട സംവിധാനം കാര്യക്ഷമമല്ല.

പ്രോജക്ട് നം. 247/19

പ്രോജക്ട്: സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, സിഎച്ച്.സി
അടങ്കൽ തുക : 400000/-

മേൽ പ്രോജക്ടിനായി 400000/- രൂപ കെ.എം.സി.എല്ലിന് 21-12-2018-ന് കൈമാറിയെങ്കിലും ഇൻവോയ്സ് നം. 888 തിയ്യതി 30-9-2019 പ്രകാരം 75383/- രൂപയുടെ മരുന്നുകളും ഇൻവോയ്സ് നം. 6441 തിയ്യതി 30-9-2019 പ്രകാരം 193230/- രൂപയുടെ മരുന്നുകളും, ഇൻവോയ്സ് നം. 1328 തിയ്യതി 27-11-2019 പ്രകാരം 1379/- രൂപയുടെ മരുന്നുകളും മാത്രമാണ് (ആകെ 269992/- രൂപയുടെ മരുന്നുകൾ) ഓഡിറ്റ് തിയ്യതി വരെ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 130008/- രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നം.: 200/19,
പ്രോജക്ട്: പെയിൻ & പാലിയേറ്റീവ്

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, സിഎച്ച്.സി
അടങ്കൽ തുക : 5,00,000/- രൂപ

ട്രഷറി ബിൽ നം./തിയ്യതി : 18170847001100925344/ 12-12-18

മേൽ പ്രോജക്ട് പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിനായി വകയിരുത്തിയ 500000/- രൂപയിൽ 76,000/- രൂപ മരുന്ന് വാങ്ങുന്നതിനായി മേൽ ബില്ല് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ആയതിൽ 64457/-രൂപയുടെ മരുന്നുകൾ കെ.എം.സി.എൽ ലഭ്യമാക്കിയിട്ടുണ്ട് (ഇൻവോയ്സ് നം. 6442 - 17713/-രൂപ ഇൻവോയ്സ് നം. 6443 - 46744/- രൂപ). 11543/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മരുന്നുകൾ ലഭ്യമാകുന്നതിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നും ഇടപെടലുകൾ നടത്തിയിട്ടില്ല. ആയതിനാൽ പദ്ധതി സമയബന്ധിതമായി ലക്ഷ്യം കൈവരിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റി, ഭരണ സമിതി എന്നിവ സമയോചിതമായ ഇടപെടലുകൾ നടത്താതിരിക്കുന്നത് തുടർ വർഷങ്ങളിലും ഈ പ്രവണത ആവർത്തിക്കുന്നതിന് ഇടയാക്കുമെന്നതിനാൽ, ഇത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കുകയും വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫോറം നം.8 ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഐ.കെ.എം വികസിപ്പിച്ചെടുത്ത സഞ്ചയ സോഫ്റ്റ് വെയർ ആണ് വസ്തു നികുതി കണക്കാക്കുന്നതിനും വരവുകൾ രേഖപ്പെടുത്തുന്നതിനും മുനിസിപ്പാലിറ്റി ഉപയോഗിക്കുന്നത്. എന്നാൽ ഓഡിറ്റ് വർഷം ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ മാനവലായോ സോഫ്റ്റ് വെയറിലോ മുനിസിപ്പാലിറ്റി സൂക്ഷിച്ചിട്ടുള്ളതായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 2018-19 വർഷ നികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല മുനിസിപ്പാലിറ്റിയിൽ എത്ര കെട്ടിടങ്ങൾ നിലവിലുണ്ട്, എത്ര കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്തു, ഡിമാന്റ്, കുടിശ്ശിക എന്നിവ സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്ന ഡിമാന്റിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 27/2018-19.21.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് റജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർധധനവ് വ്യത്യസ്തമായ രീതിയിൽ കണക്കാക്കി നികുതി നിശ്ചയിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന വസ്തുനികുതി നിർണ്ണയത്തിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ പട്ടിക 6 പ്രകാരം കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വരുത്തേണ്ട വർദ്ധനവ് വ്യക്തമാക്കിയിട്ടുണ്ട്. മേൽത്തരം തടി, മാർബിൾ, ഗ്രാനേറ്റ് തുടങ്ങിയ വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടത്തിന് അടിസ്ഥാന നികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. ഇത്തരത്തിൽ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള പല കെട്ടിങ്ങൾക്കും ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തിനാൽ നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ഒരു ഉദാഹരണം. അജ്മൽ കെ.ടി. കനകക്കുന്നത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള 17/99A, 17/99 B ,17/99 C, 17/99 D ,17/99E എന്നീ നമ്പറുകളിലുള്ള കെട്ടിടം 2 മുറികൾ വാണിജ്യ ആവശ്യത്തിനും 3 മുറികൾ ഹോസ്റ്റൽ ആവശ്യത്തിമുനുള്ളവയാണ്. നികുതി നിർണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിടം | വിസ്തൃതി ച.മീ | അടിസ്ഥാന നികുതി നിരക്ക് | വർദ്ധനവ് % | കണക്കാക്കിയ വാർഷിക വസ്തു നികുതി | കണക്കാക്കേണ്ട വാർഷികവസ്തു നികുതി 35% വർദ്ധനയിൽ | നികുതി കണക്കാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|
| 17/99A ഹോസ്റ്റൽ | 221.48 | 50 | 20 | 13289+ 665 L.C =13954 | 14950+ 747 L.C =15697 | 1743 |
| 17/99 B ഹോസ്റ്റൽ | 424.05 | 50 | 35 | 28624+ 14312 L.C =42936 | 28624+ 14312 L.C =42936 | - |
| 17/99 C ഹോസ്റ്റൽ | 175.56 | 50 | 20 | 10534+ 527 L.C =11061 | 11850+ 593 L.C =12443 | 1382 |
| 17/99 D | 222.96 | 85 | 20 | 22742+ | 25585+ | 2985 |

| | | | | | | |
|---|---|---|---|---|---|---|
| വാണിജ്യം | | | | 1137 L.C<br>=23879 | 1279 L.C<br>=26864 | |
| 17/99E<br>വാണിജ്യം | 494.74 | 85 | 35 | 56772+<br>2839 L.C<br>= 59611 | 56772+<br>2839 L.C<br>=59611 | - |
| ആകെ | 1538.79 | | | | | 6110 |

ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നത് മൂലം നികുതിയിൽ കുറവാകുന്നുണ്ട്. ഈ ഒരു കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ 6110/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 35/2018-19. 21.01.2020) ലഭ്യമാക്കിയ മറുപടിയിൽ സോഫ്റ്റ് വെയർ തകരാറു മൂലം ഇത്തരത്തിൽ അസസ് ചെയ്യാൻ സാധിക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട്. ഐ.കെ.എം ആയി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതും ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയിട്ടുള്ള മറ്റ് കെട്ടിടങ്ങളുടെ നികുതി കൂടി പുനർ നിർണ്ണയം നടത്തി ഈടാക്കേണ്ടതും വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-20 ഭൂജലവകുപ്പിൽ നിന്നും തിരികെ ലഭിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല

പ്രൊജക്ട് നം. : 187/19

അടങ്കൽ തുക : 240000/-രൂപ

ഫയൽ നം. : ഇ1/8268/18

ചെലവു തുക : 125490/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കിടങ്ങും തടായിൽ അങ്കണവാടി, തൂങ്ങും പുറം അങ്കണവാടി, ചോലക്കുഴി പെരുന്തോട്ടത്തിൽ അങ്കണവാടി എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിൽ 114450/-രൂപ (ബിൽ നം.75/18-19/10.12.2018)റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും നഗരസഭ ഡപ്പോസിറ്റ് ചെയ്തിരുന്നു. പ്രവൃത്തി പൂർത്തിയാക്കി ഭൂജലവകുപ്പ് കോഴിക്കോട് ജില്ലാ ഓഫീസർ ലഭ്യമാക്കിയ 10.6.2019ലെ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 56280/-രൂപ മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 13.6.2019ലെ G.W./KKD/A(S)-1866/2018 നമ്പർ കത്തു പ്രകാരം ബാക്കി തുകയായ 58170/-രൂപ ചെക്ക് നം.2937931/10.6.2019 പ്രകാരം നഗരസഭക്ക് കൈമാറിയിട്ടുണ്ട്. ജി.ഒ.(പി) 177/2006/ ധനം./12.4.2006 പ്രകാരം മുൻവർഷങ്ങളിൽ വിനിയോഗിക്കാത്ത എ, ബി, സി ഫണ്ടുകൾ സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി പ്രസ്തുത തുക നഗരസഭയുടെ തനതുഫണ്ടിൽ ക്രെഡിറ്റു ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

58170/-രൂപ സഞ്ചിത നിധിയിൽ തിരികെ ഒടുക്കി ചലാൻ സഹിതം പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 കണക്ടിവിറ്റി മാപ്പിന്റെ അഭാവവും സമഗ്ര പദ്ധതി രൂപീകരണത്തിന്റെ അഭാവവും റോഡു പ്രവർത്തികളിൽ

# ഓവർ ഹെഡ് ചാർജ്ജിനത്തിൽ അധിക തുക ചെലവാകുന്നതിന് കാരണമാകുന്നു

പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും ജി.ഒ.(ആർ.ടി)2480/2010/ത.സ്വ.ഭ.വ./29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ് നിരക്കുകൾ കണക്കാക്കിയിരിക്കുന്നത്. ഇത്തരത്തിൽ നിരക്ക് കണക്കാക്കിയതിൽ വന്നിട്ടുള്ള താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ടതിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽപറഞ്ഞവ അപ്രസക്തമായ ഘടകങ്ങൾ ആണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത്. മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയിട്ടുണ്ട്.

റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. നഗരസഭ തൻവർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള 301 പദ്ധതികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ്. സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലോ റോഡ് രജിസ്റ്ററിലെ രേഖകൾ പ്രകാരമോ അല്ല നഗരസഭ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെ ചെയിനേജ് വ്യക്തമാക്കാതെ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവുണ്ടാകുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റിയില്ലാതെ സമഗ്ര പദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നു.

അപാകതകളിൻമേലുള്ള വിശദീകരണമായി നൽകിയ മറുപടിയിൽ റോഡ് കണക്ടിവിറ്റി ഭൂപടം 2019-20 വർഷത്തെ പദ്ധതിയിൽ പ്രൊജക്ട് പ്രകാരം തയ്യാറാക്കുമെന്നും ഓവർ ഹെഡ് ചാർജ് അധിക നിരക്ക് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചത് ചെറിയ റോഡുകളുടെ നിർമ്മാണത്തിനും ഈ നിരക്ക് ബാധകമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഓവർ ഹെഡ് ചാർജ് അധിക നിരക്ക് നൽകിയത്

അംഗീകരിക്കാനാവില്ല. നഗരസഭയുടെ ഉത്തമ സാമ്പത്തിക താൽപ്പര്യം മുൻനിർത്തി പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ വിഷയം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്യുകയോ കരാറുകാരിൽ നിന്ന് പിഴ ഈടാക്കുകയോ ചെയ്തില്ല - 203776/- രൂപ

2018-19 വർഷത്തിൽ പൊതുമരാമത്ത് മുൻസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ളതിൽ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടെങ്കിലും ആയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി | ടി.എസ്. പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി | പ്രവർത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീകരണം വൈകിയ കാലയളവ് | ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാനത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 351/18-19<br>നടുകിൽ ചോത്തല പടിഞ്ഞാറയിൽ കാതിയോട് റോഡ് റീ ടാറിങ്ങ് | 976874<br>(റോഡ് മെയിന്റനൻസ് ഫണ്ട്)<br>ബിൽ നം.<br>67/23.1.19 | ശ്രീ.അബ്ദുൾ നിസാർ എം.ടി<br>36/17-18/ 29.01.18 | 4മാസം<br>29.01.18 | 14.11.2018<br>എം.ബുക്ക്<br>(48/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 04-10-18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 979005.47 രൂപയുടെ 3% | 29370 |
| 2 | 293/18-19<br>നീലേശ്വരം ശിവക്ഷേത്രം റോഡ് ടാറിങ്ങ് | 193935<br>(തനത് ഫണ്ട്)<br>ബിൽ നം.<br>1582269/ 27.10.18 | ശ്രീ.സുനീഷ്.ടി.കെ<br>56/17-18/ 24.02.18 | 4മാസം<br>24.02.18 | 16.10.18<br>എം.ബുക്ക്<br>(70/17-18)<br>കരാർ കാലാവധി കഴിഞ് 20.08-18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 193935 രൂപയുടെ 3% | 5818 |
| 3 | 359/18-19<br>മാപ്പിളപ്പറമ്പ് റോഡ് ടാറിങ്ങ് | 258351<br>(തനത് ഫണ്ട്)<br>ബിൽ നം.<br>1582276/ 05.11.18 | ശ്രീ.സുനീഷ്.ടി.കെ<br>64/17-18/24.02.18 | 4മാസം<br>24.02.18 | 06.10.18<br>എം.ബുക്ക്<br>(78/17-18) | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 258351 രൂപയുടെ 3% | 7751 |
| 4 | 269/18-19<br>താഴെക്കോട് മിച്ചഭൂമി റോഡ് കോൺക്രീറ്റിങ്ങ് | 263370<br>(തനത് ഫണ്ട്)<br>ബിൽ നം.<br>218001222/ 21.02.19 | ശ്രീ.ദിൻഷാദ്.എം.കെ<br>02/17-18/8.11.17 | 4മാസം<br>08.11.17 | 23.11.18<br>എം.ബുക്ക്<br>(13/17-18)<br>കരാർ കാലാവധി | ഒറിജിനൽ കാലാവധിയുടെ 50 ശതമാന | പി.എ.സി തുക 263370 രൂപയുടെ 3% | 7901 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | കഴിഞ്ഞ് 08.11.18 നാണ് പ്രവർത്തി തുടങ്ങിയത് | ത്തിൽ കൂടുതൽ. | | |
| 5 | 280/18-19 കുറിഞ്ചാൽ പരതപ്പൊയിൽ റോഡ് ടാറിങ്ങ് | 478080 (തനത് ഫണ്ട്) ബിൽ നം. 218001226/ 21.02.19 | ശ്രീ.സുനീഷ്.ടി.കെ 105/17-18/20.03.18 | 4മാസം 20.03.18 | 10.01.19 എം.ബുക്ക് (119/17-18) കരാർ കാലാവധി കഴിഞ്ഞ് 03.12.18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറി ജിനൽ കാലാ വധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 478080 രൂപയുടെ 3% | 14342 |
| 6 | 382/18-19 ആലുന്തറ അങ്കണവാടി ചുറ്റുമതിൽ | 390317 (ധനകാര്യ കമ്മീഷൻ അവാർഡ്) ബിൽ നം73/11.03.19 | ശ്രീ.സു നീഷ്.ടി.കെ 109/17-18/26.03.18 | 4മാസം 26.03.18 | 30.10.18 എം.ബുക്ക് (125/17-18) കരാർ കാലാവധി കഴിഞ്ഞ് 03.08-18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറി ജിനൽ കാലാ വധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 390317 രൂപയുടെ 3% | 11710 |
| 7 | 366/18-19 തോട്ടത്തിൻ കടവ് ശാന്തിനഗർ റോഡ് ഡ്രെയിനേജ് | 270901 (തനത് ഫണ്ട്) ബിൽ നം. 366/30.03.19 | ശ്രീ.സുനീഷ്.ടി.കെ 65/17-18/24.02.18 | 4മാസം 24.02.18 | 26.03.19 എം.ബുക്ക് (79/17-18) കരാർ കാലാവധി കഴിഞ്ഞ് 26.02.19 നാണ് പ്രവർത്തി തുടങ്ങിയത് | ഒറി ജിനൽ കാലാ വധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 270901 രൂപയുടെ 3% | 8127 |
| 8 | 312/18-19 കാഞ്ഞിരമുഴി പറശ്ശേരി പറമ്പ്റോഡ് | 250000 ( എം.ജി. റോഡ്ഫണ്ട്) ബിൽ നം. 84/17.03.19 | ശ്രീ.സുനീഷ്.ടി.കെ 18/18-19/16.04.18 | 4മാസം 16.04.18 | 01.03.19 എം.ബുക്ക് (38/18-19) കരാർ കാലാവധി കഴിഞ്ഞ് 05.02.19 നാണ് പ്രവർത്തി തുടങ്ങിയത് | ഒറി ജിനൽ കാലാ വധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 250000 രൂപയുടെ 3% | 7500 |
| 9 | 354/18-19 എരഞ്ഞിക്കൽ നടപ്പാത കോൺക്രീറ്റ് | 263094 (തനത് ഫണ്ട്) ബിൽ നം. 1582225/27.6.18 | ശ്രീ.അബ്ദുൾ ബഷീർ .കെ 12/17-18/14.11.17 | 4മാസം 14.11.17 | 26.05.18 എം.ബുക്ക് (24/17-18) കരാർ കാലാവധി കഴിഞ്ഞ് 23.04-18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറി ജിനൽ കാലാ വധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 265753 രൂപയുടെ 3% | 7973 |
| 10 | 273/18-19 കുറ്റ്യേരിമ്മൽ പന്നൂർ റോഡ് | 480408 (തനത് ഫണ്ട്) ബിൽ നം. | ശ്രീ.സുനീഷ് .ടി.കെ 104/17-18/20.0318 | 4മാസം 20.03.18 | 12.02.19 എം.ബുക്ക് (118/17-18) | ഒറി ജിനൽ കാലാ വധി യുടെ 50 | പി.എ.സി തുക 480408 | 14412 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 273/27.7.18 | | | കരാർ കാലാവധി കഴിഞ്ഞ് 10.01.19 നാണ് പ്രവർത്തി തുടങ്ങിയത് | ശതമാന ത്തിൽ കൂടുതൽ. | രൂപയുടെ 3% | |
| 11 | 355/18-19 കെ.ടി.സി പമ്പ് ഹൗസ് പയ്യളി റോഡ് | 27778 ( എം.ജി. റോഡ്ഫണ്ട്) ബിൽ നം. 43/19.11.18 | ശ്രീ.സുനീഷ്.ടി.കെ 48/17-18/24.02.18 | 4മാസം 24.02.18 | 16.10.18 എം.ബുക്ക് (62/17-18) കരാർ കാലാവധി കഴിഞ്ഞ് 06.09.18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറി ജിനൽ കാലാ വധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 277778 രൂപയുടെ 3% | 8333 |
| 12 | 391/18-19 ആയഞ്ചേരി കുടിവെള്ള പദ്ധതി | 279134 ( ധനകാര്യ കമ്മീ ഷൻ അവാ ർഡ്) ബിൽ നം. 124,125,126/ 23.03.19 | ശ്രീ.സുനീഷ്.ടി.കെ 25/18-19/16.04.18 | 4മാസം 16.04.18 | 21.03.19 എം.ബുക്ക് (24,200, 201/18-19) കരാർ കാലാവധി കഴിഞ്ഞ് 01.03..19 നാണ് പ്രവർത്തി തുടങ്ങിയത് | ഒറി ജിനൽ കാലാ വധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 279134 രൂപയുടെ 3% | 8374 |
| 13 | 309/18-19 ചേന്ദമംഗല്ലൂർ ഹൈസ്ക്കൂൾ പൊറ്റശ്ശേരി റോഡ് റീടാറിങ്ങ | 1889478 ( എം.ജി.റോഡ് ഫണ്ട്) ബിൽ നം. 138/20.03.19 | ശ്രീ.അബ്ദു നിസ്സാം 35/17-18/29.01.18 | 4മാസം 29.01.18 | 02.03.19 എം.ബുക്ക് (47,162, 192/18-19) കരാർ കാലാവധി കഴിഞ്ഞ് 16.08.18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറി ജിനൽ കാലാ വധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 1905502.81 രൂപയുടെ 3% | 57165 |
| 14 | 372/18-19 മുൻസിപ്പൽ ഓഫീസ് നവീകരണം | 500000 (തനത് ഫണ്ട്) ബിൽ നം. 18216/18.03.19 | ശ്രീ.അബ്ദുൾ ബഷീർ 100/17-18/20.03.18 | 4മാസം 20.03.18 | 21.03.19 എം.ബുക്ക് (114,176/ 17-18) കരാർ കാലാവധി കഴിഞ്ഞ് 07.01.19 നാണ് പ്രവർത്തി തുടങ്ങിയത് | ഒറി ജിനൽ കാലാ വധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 500000 രൂപയുടെ 3% | 15000 |
| ആകെ | | | | | | | | 203776 |

മേൽ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഉൾപ്പെടുത്താതെ ടി.എസ്. സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയാണ് ചേർത്തിട്ടുള്ളത്. 1.2.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC യുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ

2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 100% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്.

മേൽ ഉത്തരവ്, സെക്ഷൻ 2005 പ്രകാരം സ്ഥലം കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എം.ഇ. മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 33/2018-19. 21.01. 2020) ലഭ്യമാക്കിയ മറുപടിയിൽ 2018, 2019 വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കം മേൽപ്രവർത്തികളുടെ നടത്തിപ്പിനെ ബാധിച്ചിരുന്നതായി സൂചിപ്പിക്കുന്നു. എന്നാൽ മേൽ പ്രവർത്തികൾക്ക് സ്ഥലം കൈമാറിയിട്ടുള്ളത് 11/2017, 1/2018, 2/2018, 3/2018, 4/2018 എന്നീ മാസങ്ങളിലായിരുന്നു എന്നത് വെള്ളപ്പൊക്കം ഈ പ്രവൃത്തികളുടെ നടത്തിപ്പിന് യാതൊരു വിധത്തിലും ബാധിക്കുന്നതായിരുന്നില്ല എന്ന് വ്യക്തമാകുന്നു. കൂടാതെ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ പിഴ ഒഴിവാക്കണമെന്ന മറുപടിയും തൃപ്തികരമല്ല. പ്രത്യേകിച്ച് കാരണമൊന്നുമില്ലാതെയും കരാറുകാരുടെ അപേക്ഷയൊന്നുമില്ലാതെയും പിഴ ഒഴിവാക്കിയ നഗരസഭയുടെ നടപടി അംഗീകരിയ്ക്കാവുന്നതല്ല. 203776/- രൂപ ഈടാക്കി നഗരസഭ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-23 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

മുൻസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷത്തിൽ നടപ്പിലാക്കിയ സ്പിൽ ഓവർ പ്രൊജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണ്ണയിച്ചിട്ടുള്ളതാണ്. എന്നാൽ നഗരസഭ നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്ടുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയതിലൂടെ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ഈ പ്രവർത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. നഗരസഭ ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നതാണ് കരാറുകാർക്ക് അധിക തുക നൽകുന്നതിന് വഴിയൊരുക്കിയത്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും കരാർ വച്ചത് ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ഇത്തരത്തിൽ അധികചെലവ് വന്ന പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി, കരാർ | ആകെ ചെലവ് | ബിൽ /ചെക്ക് നം തീയതി |
|---|---|---|---|
| 1 | 270/18-19 സെന്റ് ജോസഫ് കപ്പടച്ചാലിൽ റോഡ് റീ ടാറിങ്ങ് 41/18-19/22.05.2018 | 182226 | 58/23.01.19 |

| | | | |
|---|---|---|---|
| | കരാറുകാരൻ – ശ്രീ.യു.ഷൗക്കത്തലി | | |
| 2 | 351/18-19 നടുകിൽ ചോത്തല പടിഞ്ഞാറയിൽ കാതിയോട് റോഡ് റീ ടാറിങ്ങ് 36/17-18/29.01.2018 കരാറുകാരൻ -.ശ്രീ.അബ്ദുൾ നിസാം | 976874 | 67/23.01.19 |
| 3 | 267/18-19 താഴെക്കോട് കപ്പടച്ചാൽ റോഡ് സൈഡ് കെട്ട് ടാറിങ്ങ് 103/17-18/20.03.2018 കരാറുകാരൻ – ശ്രീ.സുനീഷ്.ടി.കെ | 470507 | 18133/15.01.19 |
| 4 | 370/18-19 കാഞ്ഞിരമൂഴി സബ് സെന്റർ റിപ്പയർ 37/17-18/07.02.2018 കരാറുകാരൻ -ശ്രീ.സൂരജ്.കെ | 49452 | 35,37//15.10.18 |
| 5 | 349/18-19 പൊയിൽ റോഡ് ടാറിങ്ങ്63/17-18/24.02.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 270984 | 1582223/30.07.18 |
| 6 | 281/18-19 വെളുത്തേടത്ത് റോഡ് ടാറിങ്ങ് 66/17-18/24.02.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 246345 | 1582224/30.07.18 |
| 7 | 293/18-19 നീലേശ്വരം ശിവക്ഷേത്രം റോഡ് ടാറിങ്ങ് 56/17-18/24.02.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 193935 | 1582269/27.10.18 |
| 8 | 359/18-19 മാപ്പിളപ്പറമ്പ് കെ.ടി.സി റോഡ് ടാറിങ്ങ് 69/17-18/24.02.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 258351 | 1582276/5.11.18 |
| 9 | 276/18-19 വടക്കയിൽ കക്കടവത്ത് ക്ഷേത്രംറോഡ് സൈഡ് കെട്ടൽ 68/17-18/24.02.2018 കരാറുകാരൻ -ശ്രീ.മുജീബ് റഹ്മാൻ | 299241 | 276/27.06.18 |
| 10 | 356/18-19 തുമ്പോണക്കടവ് റോഡ് ടാറിങ്ങ് 29/18-19/21.04.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 144357 | 85/19.03.19 |
| 11 | 280/18-19 കുറിഞ്ഞാൽ പരത പ്പൊയിൽ റോഡ് ടാറിങ്ങ് 105/17-18/20.03.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 478080 | 280/21.02.19 |
| 12 | 366/18- തോട്ടത്തിൽകടവ് ശാന്തി നഗർ റോഡ് ഡ്രെയിനേജ് 65/17-18/24.02.2018 | 270901 | 366/30.03.19 |

| | | | |
|---|---|---|---|
| | കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | | |
| 13 | 363/18-19 പൂളപ്പൊയിൽ കിഴക്കേ കണ്ടി റോഡ് 81/17-18/26.02.2018 കരാറുകാരൻ -ശ്രീ.ഷൗക്കത്തലി | 148395 | 1582201/27.06.182018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ഈ പ്രവർത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട് |
| 14 | 358/18-19 ചേന്ദമംഗലൂർ മംഗലശ്ശേരി കക്കാട് റോഡ് 92/17-18/01.03.2018 കരാറുകാരൻ -ശ്രീ.ദിൽഷാദ് എം.കെ | 300000 | 377/27.06.18 |
| 15 | 374/18-19 താഴെക്കോട് .യു.പി.സ്ക്കൂൾ റിപ്പയറിങ്ങ് 98/17-18/20.03.2018 കരാറുകാരൻ -ശ്രീ.അബ്ദുൾ ബഷീർ | 100000 | 11/30.06.18 |
| 16 | 386/18-19മുത്തേരി അങ്കണവാടി പൂർത്തീകരണം31/17-18/24.01.2018 കരാറുകാരൻ -ശ്രീ.അബ്ദുൾ ബഷീർ.കെ | 372614 | 10/229.06.18 |
| 17 | 312/18-19 കാഞ്ഞിരമുഴി പരശ്ശേരി പറമ്പ് റോഡ് റീ ടാറിങ്ങ് 18/17-18/16.04.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 250000 | 84/17.03.19 |
| 18 | 300/18-19 കൊടുവാപ്പിടിമല മലയമ്മ റോഡ് റീ ടാറിങ്ങ് 85/17-18/26.02.2018 കരാറുകാരൻ -ശ്രീ.അബ്ദുൾ ഗഫൂർ | 400000 | 15/29.06.18 |
| 19 | 354/18-19എരഞ്ഞിക്കൽ നടപ്പാത കോൺക്രീറ്റ് 12/17-18/14.11.2017 കരാറുകാരൻ -ശ്രീ.അബ്ദുൾ ബഷീർ.കെ | 263094 | 1582225/27.06.18 |
| 20 | 322/18-19 പെൻഡെന്റ് എസ്റ്റേറ്റ് റോഡ് ടാറിങ്ങ് 24/17-18/24.01.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 299280 | 06/29.06.18 |
| 21 | 317/18-19 ആറ്റു പുറം റോഡ് ടാറിങ്ങ് 67/17-18/29.02.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 99162 | 08/30.06.18 |
| 22 | 352/18-19 പ്രീമിയർ ബസ്റ്റേപ്പ് വാട്ടർ ടാങ്ക് റോഡ് ടാറിങ്ങ് 61/17-18/24.02.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 195604 | 18014/21.06.18 |
| 23 | 290/18-19 ബാപ്പുഹാജി റോഡ് ടാറിങ്ങ് 57/17-18/21.06.2018 | 100000 | 18015//21.06.18 |

| | | | |
|---|---|---|---|
| | കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | | |
| 24 | 273/18-19 കുറ്റ്യേരിമ്മൽ പന്നൂർ റോഡ് ടാറിങ്ങ് 104/17-18/20.03.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 480408 | 273/27.07.18 |
| 25 | 355/18-19 കെ.ടി.സി പമ്പ് ഹൗസ് പയ്യളി റോഡ് ടാറിങ്ങ് 48/17-18/24.02.18 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 277778 | 43/19.11.18 |
| 26 | 309/18-19 ചേന്ദമംഗലൂർ ഹൈസ്ക്കൂൾ പൊറ്റശ്ശേരി റോഡ് ടാറിങ്ങ് 35/17-18/12.01.2018 കരാറുകാരൻ -ശ്രീ.അബ്ദുൾ നിസ്സാം | 1889478 | 138/20.03.19 |
| 27 | 389/18-19 അരീക്കത്തോടി കടായി റോഡ് ടാറിങ്ങ് 91/17-18/01.03.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 85990 | 389/21.02.19 |
| 28 | 299/18-19 വിളയത്ത് റോഡ് റീ ടാറിങ്ങ് 58/17-18/24.02.2018 കരാറുകാരൻ -.ശ്രീ.സുനീഷ്.ടി.കെ | 248935 | 12/24.06.18 |
| 29 | 378/18-19 കാഞ്ഞിരത്തിങ്ങൽ റോ് സൈഡ് കെട്ട് 14/17-18/14.11.2017 കരാറുകാരൻ -ശ്രീ.അബ്ദുൾ ഷമീർ .കെ | 339584 | 19/20.08.18 |
| 30 | 336/18-19 മുത്തേരി പിലാക്കം ചാൽ റോഡ് ടാറിങ്ങ് 97/17-18/18.04.18 കരാറുകാരൻ -.ശ്രീ.ഷൗക്കത്തലി | 136872 | 1582202/27.06.18 |
| 31 | 329/18-19 കച്ചേരി കയ്യിട്ടാപ്പൊയിൽ റോഡ് ടാറിങ്ങ് 53/17-18/24.02.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 150000 | 14/29.06.2018 |
| 32 | 62/18-19 പുല്ലമ്പാടി വയൽ റോഡ് ടാറിങ്ങ് 86/17-18/26.02.2018 കരാറുകാരൻ -ശ്രീ.ഷൗക്കത്തലി | 166706 | 1582208/27.06.18 |
| 33 | 289/18-19 പുൽ പറമ്പ് പടിഞ്ഞാറയിൽ റോഡ് ടാറിങ്ങ് 79/17-18/26.02.2018 കരാറുകാരൻ -ശ്രീ.ഷൗക്കത്തലി | 345470 | 1582207/27.06.18 |
| 34 | 340/18-19 ചേന്ദമംഗല്ലൂർ കക്കാട് കടവ് റോഡ് 52/17-18/24.02.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 250000 | 28/22.09.18 |

| | | | |
|---|---|---|---|
| 35 | 292/18-19 കാടാംപള്ളി ഹൈസ്ക്കൂൾ റോഡ് ടാറിങ്ങ് 54/17-18/24.02.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 200000 | 26/22.09.18 |
| 36 | 271/18-19 ആയഞ്ചേറ്റി മുക്ക് റോഡ് ടാറിങ്ങ് 114/17-18/28.03.2018 കരാറുകാരൻ -ശ്രീ.കെ.ജെ.എൽ.സി.സി.എസ് | 596310 | 2/29.06.18 |
| 37 | 334/18-19മണാശ്ശേരി ഹോമിയോ മച്ചേരി പറമ്പ് റോഡ് ടാറിങ്ങ് 72/17-18/24.02.2018 കരാറുകാരൻ -ശ്രീ.ദിൽഷാദ് | 397094 | 18019/21.06.18 |
| 38 | 344/18-19 ഇരട്ട കുളങ്ങര കുഴിമാടം റോഡ് ടാറിങ്ങ് 47/17-18/24.02.2018 കരാറുകാരൻ -ശ്രീദിൽഷാദ് | 299916 | 18020/21.06.18 |
| 39 | 313/18-19 ഗ്രാമീണ പാലക്കുഴി റോഡ് ടാറിങ്ങ് 70/17-18/24.02.2018 കരാറുകാരൻ -ശ്രീ.ദിൽഷാദ് | 300000 | 18021/21.06.18 |
| 40 | 341/18-19 അഗസ്ത്യമുനി സ്ക്കൂൾ എടവനം കുന്നത്ത് റോഡ് റീ ടാറിങ്ങ് 55/17-18/24.02.2018 കരാറുകാരൻ -ശ്രീ.സുനീഷ്.ടി.കെ | 199458 | 13/29.06.18 |
| 41 | 372/18-19 മുൻസിപ്പൽ ഓഫീസ് നവീകരണം 100/17-18/20.03.2018 കരാറുകാരൻ -ശ്രീ.അബ്ദുൾ ബഷീർ | 500000 | 18216/18.03.19 |
| 42 | 373/18-19 തൂങ്ങുപുറം അങ്കണവാടി നിർമ്മാണം 15/17-18/14.11.2017 കരാറുകാരൻ -ശ്രീ.അബ്ദുൾ ബഷീർ | 638423 | 18058/05.11.18 |
| 43 | 371/18-19 തോട്ടത്തിൽ കടവ് വ്യവസായ കേന്ദ്രം റിപ്പയർ 69/17-18/24.02.2018 കരാറുകാരൻ -ശ്രീ.മുജീബ് റഹ്മാൻ | 138699 | 18098/04.01.1944 |
| 44 | 318/18-19 എയറോബിക്സ് കമ്പോസ്റ്റ് യൂണിറ്റ് റിപ്പയർ 97/17-18/03.03.2018 കരാറുകാരൻ -ശ്രീ.രാജേഷ് കുമാർ | 800000 | 50/26.12.18 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/2018-19 തീയതി 21.01.20) ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രവർത്തികൾക്ക് ഈ ഉത്തരവിന് മുൻപേ സാങ്കേതിക അനുമതി ലഭിച്ചതാണെന്നതിനാലാണ് നടപ്പാക്കിയത് എന്നറിയിച്ചിട്ടുണ്ട്. നഗരസഭയുടെ ഉത്തമ സാമ്പത്തിക താൽപ്പര്യം മുൻ നിർത്തി ഇത്തരം സാഹചര്യങ്ങളിൽ എസ്റ്റിമേറ്റും പദ്ധതിയും റിവൈസ് ചെയ്ത് നടപ്പിലാക്കേണ്ടതായിരുന്നു. കരാറുകാർക്ക് കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ അധികം അനുവദിച്ച തുക തിരികെ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-24 ടെണ്ടർ ഫോറ വില മുൻസിപ്പാലിറ്റിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല.

മുൻസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കുന്ന പദ്ധതികൾ ഇ-ടെണ്ടർ നടത്തുമ്പോൾ ലഭിയ്ക്കുന്ന ടെണ്ടർ ഫോറം വില മുൻസിപ്പാലിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നില്ല. മുൻസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി അക്കൗണ്ടിലാണ് തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നത് (അക്കൗണ്ട് നമ്പർ-67385635730). ഈ അക്കൗണ്ടിൽ 01.04.2019 ൽ നീക്കിയിരിപ്പുള്ള 5438583.70 രൂപയിൽ ടെണ്ടർ ഫോറവില്പന വഴി ലഭിച്ച തുകയും ഉൾപ്പെടുന്നു. എന്നാൽ ഈ തുക മുൻസിപ്പാലിറ്റിയുടെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ജി.ഒ.(പി)നം119/2015/ധനം/21.03.15 ഉത്തരവ് പ്രകാരമുള്ള പുതിയ അക്കൗണ്ടിങ്ങ് രീതിയനുസരിച്ച് അന്തിമ ഉപഭോക്താവിന്റെ അക്കൗണ്ടിലേക്ക് സഞ്ചിത നിധിയിൽ നിന്നും തുക നേരിട്ട് നൽകുന്ന രീതിയാണ് നിലവിലുള്ളത്. ഫണ്ട് ട്രാൻസ്ഫറിന് മാത്രമായി ഉപയോഗിക്കുന്ന അക്കൗണ്ടുകളിൽ സാമ്പത്തിക വർഷത്തിനപ്പുറം നീക്കിയിരിപ്പുണ്ടായിരിക്കാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ ഈ അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പ് വരാനുള്ള കാരണം വ്യക്തമാകുന്നില്ല. 10.01.2020 ൽ ആ അക്കൗണ്ടിൽ 6231070.70 രൂപ നീക്കിയിരിപ്പ് ഉണ്ട്. നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് (ടെണ്ടർ ഫോറം വിലയുൾപ്പെടെ ഏതെല്ലാം ഇനത്തിലെ തുകയാണ് നീക്കിയിരിപ്പ്). അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 30/2018-19. 21.01.2020) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക മുൻസിപ്പാലിറ്റി അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തതായി അറിയിച്ചിട്ടുണ്ട്. തുക ക്രെഡിറ്റ് ചെയ്തതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഈ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക കെട്ടിട തൊഴിലാളി ക്ഷേമ നിധിയിലേയ്ക്ക് അടവാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-25 പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി - പദ്ധതി ആരംഭിക്കുന്നതിൽ കാലതാമസം

പ്രൊജക്ട് നമ്പർ : 206/19

അടങ്കൽ തുക : 100000/-രൂപ

ഫയൽ നമ്പർ : ഇ-1/1451/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ/തീയതി : 93/18-19/8.2.2019

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ EE/PHD/KKD/D1-GEN/2019/1.1.2019 പ്രകാരം ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 100000/-രൂപ, നഗരസഭ പരിധിയിലുള്ള കച്ചേരി - കുറ്റിപ്പായി കടവിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിക്ക് വേണ്ടി മേൽ പ്രൊജക്ട് (206/19) പ്രകാരം വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

8.2.2019 ന് ട്രഷറിയിൽ നിന്നും 100000/- രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നഗരസഭ വാട്ടർ അതോറിറ്റിയുമായി 28.1.2019ന് ചമച്ച കരാറിലെ (38/18-19നമ്പർ) 5ാം നമ്പർ വ്യവസ്ഥ പ്രകാരം മേൽ പ്രവൃത്തി 2019 ഏപ്രിൽ മാസം ആരംഭിക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ, മേൽ പറഞ്ഞ ഡെപ്പോസിററ് പ്രവൃത്തി ഓഡിറ്റ് തീയതി വരെ ആരംഭിച്ചിട്ടില്ലെന്നു കാണുന്നു. പ്രവൃത്തി പുരോഗതി സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/18-19/21.1.2020) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഉടനെ ആരംഭിക്കുമെന്ന് വാട്ടർ അതോറിറ്റി വ്യക്തമാക്കിയതായി അറിയിച്ചു. ജി.ഒ.(എം.എസ്.) നം.17/2018/ ത.സ്വ.ഭ.വ./ തീയതി 2.2.2018 പ്രകാരമുള്ള സർക്കാർ ഉത്തരവു ഖണ്ഡിക 11.2 (ഡി) (iv) പ്രകാരം ഡെപ്പോസിററ് വർക്ക് സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർനടപടികൾ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. എന്നാൽ എഗ്രിമെന്റ് വ്യവസ്ഥയിലെ കാലാവധി പിന്നിട്ടിട്ടും, തുക ഡെപ്പോസിറ്റ് ചെയ്ത് ഒരു വർഷത്തോളം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുടർ നടപടികളൊന്നും തന്നെ സ്വീകരിക്കാതിരുന്നത് ഉത്തരവാദപ്പെട്ടവരുടെ വീഴ്ചയാണ്.

പ്രവൃത്തി ഉടനടി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-26 അനുബന്ധ സ്ഥാപനങ്ങൾക്ക് സേവനം മെച്ചപ്പെടുത്തൽ - ഇൻവോയ്സ് പ്രകാരമുള്ള തുകയേക്കാൾ അധികം നൽകി

പ്രൊജക്ട് നമ്പർ : 244/19

അടങ്കൽ തുക : 114411/- രൂപ

ഫയൽ നമ്പർ : എ2/116/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2017-18 ൽ നടപ്പിലാക്കിയ 441/18 നമ്പർ പ്രൊജക്ട് പ്രകാരം അനുബന്ധ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ലക്ഷ്യമിട്ടിരുന്നു. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത നിസ്സൺ ഇൻഫോ വേ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 9.12.2017 ലെ 40ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തു. ഇതിനെ തുടർന്ന് ഡസ്ക്ക്ടോപ് കമ്പ്യൂട്ടർ -2എണ്ണം, ഡി.എൽ.പി.പ്രൊജക്ടർ-1, പ്രിന്റർ -2 എന്നിവയ്ക്കായി 5.1.2018 ലെ എ2/116/18 നമ്പറായി സപ്ലൈ ഓർഡർ നൽകുകയുണ്ടായി. ഇൻവോയ്സ് നം.NPM 3982/9.2.2018 പ്രകാരം 84288/-രൂപയുടെ ഉപകരണങ്ങൾ ചുവടെ ചേർത്ത പ്രകാരം സപ്ലൈ ചെയ്തിട്ടുണ്ട്.

| ഇനം | നിരക്ക് | ആകെ വില |
|---|---|---|
| ഡസ്ക്ക്ടോപ് കമ്പ്യൂട്ടർ -2എണ്ണം (Acer Veriton 6602K 4GB) | 33744 | 67488 |
| പ്രിന്റർ SP RICHO - 2 എണ്ണം | 8400 | 16800 |
| ആകെ | | 84288 |

സപ്ലൈ ഓർഡർ പ്രകാരം ആവശ്യപ്പെട്ട ഉപകരണങ്ങളിൽ ഡി.എൽ.പി.പ്രൊജക്ടർ മേൽ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയിട്ടില്ല. മറ്റേതെങ്കിലും ഇൻവോയ്സ് പ്രകാരം പ്രൊജക്ടർ സപ്ലൈ ചെയ്തതായും കാണുന്നില്ല. മാത്രമല്ല ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് അനുബന്ധ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഉപകരണങ്ങളുടെ ആകെ വിലയായ 84288/- രൂപയിൽ 35589/- രൂപ 2017-18 ൽ നൽകി. ബാക്കി തുകയായ 48699/- രൂപയ്ക്കു പകരം 80073/- രൂപ ബിൽ നം.19/18-19/6.6.2018 പ്രകാരം 2018-19 ൽ 'നിസ്സൺ ഇൻഫോ വേ' ക്ക് അനുവദിച്ചു കാണുന്നു. സ്ഥാപനത്തിന് അധിക തുക അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുന്നതിനും രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിനും ഓഡിറ്റ് എൻക്വയറി (നം.17/18-19/20.1.2020) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവു തുക 80073/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-27 ഭവനനിർമ്മാണ പദ്ധതി ആനുകൂല്യം ഗുണഭോക്താവല്ലാത്ത വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രൊജക്ട് ഓഫീസർ , നഗര ദാരിദ്ര്യ ലഘൂകരണ സെൽ

പ്രൊജക്ട് നമ്പർ - 424/19

എസ്.സി. ഭവന നിർമ്മാണ പൂർത്തീകരണം, എസ്.സി. ഭവന നിർമ്മാണം വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ നൽകൽ എന്നീ പദ്ധതികളിൽ ആനുകൂല്യം നൽകിയപ്പോൾ ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ അല്ലാത്ത ചില വ്യക്തികളുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താവിന്റെ പേര് | തുക | ബിൽ നമ്പർ തിയ്യതി |
|---|---|---|---|
| 424/19 | ശ്രീ. സുഭീഷ്.ഒ. | 40000 | 77/22.03.19 |
| | | 40000 | 93/22.03.19 |
| | | 60000 | 53/28.02.19 |
| ആകെ | | 140000 | |

2015-16 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ 36 ഗുണഭോക്താക്കളാണ് ഉള്ളത്.

ശ്രീ. സുഭീഷ്.ഒ. എന്ന വ്യക്തി ഈ പദ്ധതിയിലെ ഗുണഭോക്താവല്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.41 /2018-19. 22.01.2020) നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, പദ്ധതി ലിസ്റ്റിൽപ്പെട്ട വളരെ പാവപ്പെട്ട ശ്രീമതി. മാധവി. സി.ടി. എന്ന ഗുണഭോക്താവിന് കമ്മറ്റി മുഖേന പ്രവർത്തി നടത്തി ഓരോ ഗഡുവും പൂർത്തീകരിച്ചതായ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കമ്മറ്റി കൺവീനറായ ശ്രീ. സുഭീഷ് എന്നവർക്കാണ് തുക നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ശ്രീമതി. മാധവി.സി.ടി. യുടെ ഫയലിൽ ഇതു സംബന്ധിച്ച് യാതൊരു തീരുമാനവും രേഖപ്പെടുത്തിയിട്ടില്ല. അവസാന ഗഡു കിട്ടുന്നതിനായിപ്പോലും ശ്രീമതി. മാധവി സമർപ്പിച്ചിട്ടുള്ള അപേക്ഷയിലൊന്നും ഇങ്ങനെ ഒരു കൺവീനറെ പറ്റി പരാമർശിക്കുന്നില്ല. 140000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ശ്രീമതി. മാധവി.സി.ടി തുക കൈപ്പറ്റിയതിന്റെ രേഖകളും, വീട് നിർമ്മിച്ച് നൽകുന്നതിനും, ആനുകൂല്യ തുക കൈപ്പറ്റുന്നതിനും കമ്മിറ്റി കൺവീനറായ ശ്രീ.സുഭീഷ്.ഒ.യെ ചുമതലപ്പെടുത്തിയ ഭരണസമിതി തീരുമാനത്തിന്റെ പകർപ്പും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 തോട്ടത്തിൽ കടവ് വ്യവസായ കേന്ദ്രത്തിൽ വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുൻസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് - 371/19, തോട്ടത്തിൽ കടവ് വ്യവസായ കേന്ദ്രം നവീകരണം

ചെലവ് തുക - 138699/- രൂപ (തനത് ഫണ്ട്)
ബിൽ നമ്പർ/തീയതി– 218001026/07.01.19

തനത് ഫണ്ടിൽ നിന്ന് 138699/- രൂപ ചെലവഴിച്ച് തോട്ടത്തിൽ കടവ് വ്യവസായ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തി പൂർത്തിയാക്കിയിട്ടുണ്ട്. വ്യവസായ കേന്ദ്രം നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. തോട്ടത്തിൽ കടവ് വ്യവസായ കേന്ദ്രം പ്രവർത്തന സജ്ജമാണെങ്കിലും നിലവിൽ ഒരു വ്യവസായവും ഈ സ്ഥാപനത്തിൽ നടക്കുന്നില്ല. ആയതിനാൽ ഈ സ്ഥാപനം ഒരു നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

2. തോട്ടത്തിൽ കടവ് വ്യവസായ കേന്ദ്രം മുൻസിപ്പാലിറ്റിയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

3. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടിക പ്രകാരം ചെറുകിട കുടിൽ ഗ്രാമീണ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ വ്യവസായ സംരംഭ വികസന പരിപാടി കൾ നടപ്പിലാക്കുക എന്നിവ നഗരസഭയുടെ ചുമതലയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. അതിനുള്ള സൗകര്യങ്ങളെല്ലാം ഉണ്ടായിട്ടും, നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുണ്ടായിട്ടും വ്യവസായ മേഖലയിൽ യാതൊരു പദ്ധതികളും നടപ്പിലാക്കുന്നില്ല.

4. വർക്കിങ്ങ് ഗ്രൂപ്പ് തീരുമാനങ്ങൾ പദ്ധതികളായി രൂപപ്പെടുന്നില്ല. തോട്ടത്തിൽ കടവ് വ്യവസായ കേന്ദ്രത്തിൽ സ്വയം തൊഴിൽ സംരംഭം നടത്താനാവശ്യമായ പദ്ധതികൾ നടപ്പിലാക്കണമെന്ന് പ്രാദേശിക സാമ്പത്തിക വർക്കിങ്ങ് ഗ്രൂപ്പിൽ തീരുമാനമെടുക്കുന്നുണ്ടെങ്കിലും ഇതിനായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 26/2018-19/21.01.2020) മുൻസിപ്പൽ എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ വ്യവസായ വികസന ഓഫീസറുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വ്യവസായ കേന്ദ്രത്തിൽ വ്യവസായ സംരംഭം ആരംഭിച്ച് വിവരം അറിയിക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് വരെ ഈ വർഷം വ്യവസായ കേന്ദ്രത്തിനായി ചെലവഴിച്ച 138699/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-29 കുടിവെള്ള പദ്ധതികളുടെ മോട്ടോറും അനുബന്ധ ഉപകരണങ്ങളും മാറ്റി സ്ഥാപിക്കൽ - നടത്തിപ്പ് രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുൻസിപ്പൽ എഞ്ചിനീയർ

പ്രൊജക്റ്റ് നമ്പർ - 452/19

ചെലവ് തുക - 414778/- രൂപ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ബിൽ നമ്പർ/ തീയതി 47/04.12.18

വെള്ളപ്പൊക്കത്തെ തുടർന്ന് വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും പ്രവർത്തനരഹിതമായതിനെ തുടർന്ന് പുതിയത് സ്ഥാപിക്കുന്നതിന് വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. RAIDCO വഴിയാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. കാഞ്ഞിരമുഴി പൃക്കച്ചാൽ കുടിവെള്ള പദ്ധതി (15HP), വെണ്ണക്കോട് ആയഞ്ചേറ്റിൽ കുടിവെള്ള പദ്ധതി (15 HP), കൂമുള്ളം കണ്ടി കുടിവെള്ള പദ്ധതി (7.5 HP) എന്നീ കുടിവെള്ള പദ്ധതികളുടെ മോട്ടോറുകളാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. മോട്ടോറുകൾ റെയിഡ്കോ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനം ആരംഭിച്ചതിന്റെ റിപ്പോർട്ട്.

2. പഴയ മോട്ടോറുകൾ അൺ ഫിറ്റാണെന്നുള്ള പി.ഡബ്ല്യു.ഡി.ഇലക്ട്രിക്കൽ വിങ്ങിന്റെ റിപ്പോർട്ട്.

3. പഴയ മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും ലേലം ചെയ്തതിന്റെ/ സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 34/2018-19. 21.01.2020 ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനം ആരംഭിച്ചതിന്റെ റിപ്പോർട്ട്, പഴയ മോട്ടോറുകൾ അൺ ഫിറ്റാണെന്നുള്ള റിപ്പോർട്ട്, പഴയ മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും ലേലം ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

# 1-30 ഹോളോബ്രിക്ക് നിർമ്മാണ യൂണിറ്റിന് സാധനങ്ങൾ വാങ്ങൽ പദ്ധതി ചെലവ് തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രൊജക്റ്റ് ഓഫീസർ , നഗര ദാരിദ്ര്യ ലഘൂകരണ സെൽ

പ്രൊജക്റ്റ് നമ്പർ - 425/19

ചെലവ് തുക - 250000/- രൂപ (തനത് ഫണ്ട്)
ബിൽ നമ്പർ/തീയതി - 218001493/30.03.19

13.06.18 ലെ ജി.ഒ. (ആർ.ടി.) 1611/18 ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ ഒരു മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റും, കെട്ടിട നിർമ്മാണ യൂണിറ്റും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്

തുടങ്ങേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പി.എം.എ.വൈ. പദ്ധതിയിലെ ഭവന നിർമ്മാണത്തിന് ആവശ്യമായ മെറ്റീരിയലുകളും സിമന്റ് കട്ടയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയിലേയ്ക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്ന എമിനന്റ് കൺസ്ട്രക്ഷൻ ഗ്രൂപ്പ് എന്ന സ്ഥാപനത്തിന് കരാർ പ്രകാരം മെറ്റീരിയലുകൾ വിതരണം ചെയ്യുന്നതിനാണ് 250000/- രൂപ തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. ഹോളോബ്രിക്ക് നിർമ്മാണത്തിന് സാധനങ്ങൾ വാങ്ങുന്നതിനുള്ള തുക അയ്യങ്കാളി പദ്ധതിയിൽ നിന്ന് അംഗീകാരം ലഭിയ്ക്കുന്നതിന് കാലതാമസം നേരിടുന്നതിനാലും പി.എം.എ.വൈ ഭവന നിർമ്മാണം അടിയന്തിരമായി തീർക്കേണ്ടതിനാലും തനത് ഫണ്ടിൽ നിന്ന് തുക എടുക്കുകയും ആയത് പിന്നീട് അയ്യങ്കാളി പദ്ധതിയിൽ നിന്ന് തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത രീതിയിൽ തുക അയ്യങ്കാളി ഫണ്ടിൽ നിന്ന് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിരുന്നില്ല. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/18-19) മറുപടിയിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം അയ്യങ്കാളി ഫണ്ടിൽ നിന്ന് തുക തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-31 പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി പദ്ധതി - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രൊജക്ട് ഓഫീസർ , നഗര ദാരിദ്ര്യ ലഘൂകരണ സെൽ

പ്രൊജക്ട് നമ്പർ - 211/19

ചെലവ് തുക
1950000/- രൂപ – വികസന ഫണ്ട് (എസ്.സി.പി)
100000/- രൂപ -തനത് ഫണ്ട്

14.02.18 ലെ ജി.ഒ.(എം.എസ്) 22/18 ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ 7.2.17 ഖണ്ഡിക പ്രകാരം എസ്.സി വിഭാഗം വിദ്യാർഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിന് വീടിനോട് ചേർന്ന് ഒരു പഠന മുറി നിർമ്മിച്ചു നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ ഉത്തരവ് പ്രകാരം പഠന മുറി നൽകുന്ന ഗുണഭോക്താവിന് നിലവിലുള്ള 800 ചതുരശ്ര അടി വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിയ്ക്കാതെ പഠന മുറി അനുവദിയ്ക്കാവുന്നതാണ്. 2018-19 വർഷത്തിൽ ആനുകൂല്യം ലഭിച്ച 9 ഗുണഭോക്താക്കൾക്ക് ഈ നിബന്ധന പാലിച്ചാണോ ആനുകൂല്യം നൽകിയിട്ടുള്ളത് എന്ന് പരിശോധിക്കുന്നതിന് വീടിന്റെ പ്ലാൻ ഹാജരാക്കിയിരുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 32/18-19) 7 ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കി. ശേഷിക്കുന്ന 2 ഗുണഭോക്താക്കളുടെ പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| അമിഷ അനിത | 200000 | 58/8.3.19, 85/22.3.19, 88/22.3.19 |
| അനാമിക പ്രിയ | 200000 | 31/23.1.19, 22/22.3.19 |

രേഖകളുടെ അഭാവത്തിൽ 400000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 വിവാഹധനസഹായം-പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രൊജക്ട് നമ്പർ : 23/19

അടങ്കൽ തുക : 250000/-രൂപ

ചെലവു തുക : 250000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം അനുവദിക്കുന്നതിനായി 2018-19 ൽ മേൽ പ്രൊജക്ടു പ്രകാരം 250000/- രൂപ പൊതുവിഭാഗം വികസനഫണ്ടിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. ഇതുപ്രകാരം നഗരസഭ പരിധിയിലെ ചുവടെ ചേർത്ത 5 ഗുണഭോക്താക്കൾ 50000/- രൂപ വീതം ധനസഹായം കൈപ്പറ്റിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./ തീയതി |
|---|---|---|
| ദേവകി വട്ടിക്കുന്നുമ്മൽ | 50000 | 38/18-19/2.8.2018 |
| നാരായണി മംഗലശ്ശേരി തോട്ടം | 50000 | - ടി- |
| കാർത്ത്യായനി കരിങ്കല്ലി | 50000 | 26/18-19/6.7.2018 |
| പാത്തുമ്മ വെണ്ണക്കോട്ടുപറമ്പത്ത് | 50000 | 21/18-19/11.6.2018 |
| സുമിത്ര വട്ടോളിപറമ്പിൽ | 50000 | ടി |
| ആകെ | 250000 | |

നഗരപാലികാ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 വാർഷിക പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)/22/2018/ത.സ്വ.ഭ.വ./തീയതി 14.2.2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവിഭാഗത്തിൽപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി ഈ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി കാണുന്നില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/18-19/20.01.2020) മറുപടി സമർപ്പിച്ചിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ, പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ ധനസഹായം അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണ്. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പിലാക്കിയ സാഹചര്യം വിശദമാക്കേണ്ടതാണ്. ആയതിനാൽ ചെലവു തുക 250000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 പി.എം.എ.വൈ. ഭവനപദ്ധതി നിർവ്വഹണം - ചെലവു രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ലാത്തതും മറ്റ് അപാകതകളും

'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ 2015-2022 കാലയളവിലേക്ക് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പി.എം.എ.വൈ. നഗരസഭ 2016-17 ൽ ഈ പദ്ധതിക്ക് തുടക്കം കുറിച്ചു. പ്രാരംഭ ഘട്ടത്തിൽ ഭവന നിർമ്മാണത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയായിരുന്നു. ഇതിൽ 1.5ലക്ഷം രൂപ കേന്ദ്ര വിഹിതവും, 50000/-രൂപ സംസ്ഥാന വിഹിതവും, 50000/-രൂപ നഗരസഭ വിഹിതവും 50000/-രൂപ ഗുണഭോക്തൃ വിഹിതവുമായിരുന്നു. ജി.ഒ.(എം,എസ്.)29/2018/ ത.സ്വ.ഭ.വ./തീ.28.2.2018 പ്രകാരം പി.എം.എ.വൈ.പദ്ധതിയുടെ യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയായി 1.4.2017 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ 31.12.2019 വരെ നാലുഘട്ടങ്ങളിലായി (ഡി.പി.ആർ 1, 2, 3, 4) നഗരസഭയിൽ 365 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2018-19 ൽ നാലാം ഘട്ടമായി (ഡി.പി.ആർ.4) 153 ഗുണഭോക്താക്കളെ പി.എം.എ.വൈ പദ്ധതിയിൽ 15.1.2019 ലെ 1൦ം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി.

മുൻവർഷങ്ങളിലാരംഭിച്ച ഡി.പി.ആർ 1, 2, 3 ഘട്ടങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കൾ അനുവദിക്കുന്നതിനും വർദ്ധിപ്പിച്ച നിരക്കിലുള്ള അധിക വിഹിതം നൽകുന്നതിനുമായി 2018-19 ൽ മൂന്നു പ്രൊജക്കുകളിലായി ചുവടെ ചേർത്ത പ്രകാരം 15343000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|
| പി.എം.എ.വൈ അധിക വിഹിതം (ജനറൽ) പ്രൊജക്ട് നം.114/19 | 9910000<br>5910000<br>4000000 | വികസനഫണ്ട്<br>തനത്ഫണ്ട് |
| പി.എം.എ.വൈ അധിക വിഹിതം (എസ്.സി) പ്രൊജക്ട് നം.119/19 | 3694000<br>3578000<br>116000 | വികസനഫണ്ട്<br>തനത്ഫണ്ട് |
| പി.എം.എ.വൈ ലൈഫ് അധിക വിഹിതം | 1739000 | വികസനഫണ്ട് |
| ആകെ | 15343000 | |

ഇതിനും പുറമെ നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം, കേന്ദ്ര-സംസ്ഥാന വിഹിതമായി ലഭിച്ച തുകയിൽ ഓഡിറ്റു വർഷം 3,59,85,000/-രൂപ ഐ.സി.ഐ.സി.ഐ.ബാങ്ക് മുഖേനയും ചെലവഴിച്ചിട്ടുണ്ട്. മൊത്തം 5,13,28,000/- രൂപ പി.എം.എ.വൈ പദ്ധതിക്കായി 2018-19 ൽ നഗരസഭ ചെലവഴിച്ചു കാണുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. ഡി.പി.ആർ.1, 2, 3 ഘട്ടങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ഗഡുക്കൾ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ഫയലുകളുടെ സൂക്ഷിപ്പ് തീരെ കാര്യക്ഷമമല്ലെന്നു കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

(എ) ഗുണഭോക്താക്കളുടെ അപേക്ഷ, എഗ്രിമെന്റ്, ആധാരം എന്നിവ ഒരു ഫയലായും, അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ഗുണഭാക്താവിന്റെ ഫോട്ടോ, ആധാർ കാർഡിന്റെ പകർപ്പ്, റേഷൻകാർഡിന്റെ പകർപ്പ്, സ്ഥിരം മേൽവിലാസം കാണിക്കുന്ന രേഖ എന്നിവ മറ്റൊരു ഫയലായും സൂക്ഷിച്ചിരിക്കുന്നു. അവസാന ഗഡു കൈപ്പറ്റുന്നതിനു മുമ്പ് നമ്പർ അനുവദിക്കുന്നതിനായി ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷ, കംപ്ലീഷൻ പ്ലാൻ, ഓവർസിയറുടെ പരിശോധന റിപ്പോർട്ട്, ഒറിജിനൽ പ്ലാനിന്റെ പകർപ്പ് എന്നിവ മൂന്നാമത്തെ ഫയലായി സൂക്ഷിച്ചിരിക്കുന്നു. ഓരോ ഗുണഭോക്താവിന്റെയും രേഖകൾ ഒറ്റ ഫയലായി ചിട്ടയായി സൂക്ഷിക്കുന്നതിനു പകരം വെവ്വേറെ സൂക്ഷിച്ചിരിക്കുന്നത് ഫയലുകളുടെ സുതാര്യത നഷ്ടപ്പെടുത്തുന്നു.

(ബി) ഓരോ ഗുണഭോക്താവിനും വിവിധ ഗഡുക്കൾ അനുവദിക്കുമ്പോൾ നോട്ട് ഫയലിൽ ഗുണഭോക്താവിന്റെ പേര്, ഉൾപ്പെട്ടിട്ടുള്ള ഡി.പി.ആർ.നം., ഗുണഭോക്താവിന്റെ ഐ.ഡി.നം.എന്നിവ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് ധനസഹായം അനുവദിച്ചതെന്നും, ഗഡുക്കളുടെ കൃത്യതയും ഗുണഭോക്തൃ രജിസ്റ്ററിൽ നോക്കി ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നില്ല.

(സി) ഗുണഭോക്തൃ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ചിട്ടില്ല. ഫോട്ടോ, അപേക്ഷാ ഫയലിൽ പ്രത്യേകമായി സൂക്ഷിച്ചിരിക്കുന്നു. ഇത് ക്രമക്കേടുകൾക്ക് കാരണമാകാവുന്നതാണ്.

(ഡി) ഓരോ ഗഡു അനുവദിക്കുമ്പോഴും ഗുണഭോക്തൃ രജിസ്റ്ററിൽ സെക്ഷൻ ക്ലാർക്കിന്റെ ഒപ്പു രേഖപ്പെടുത്തുന്നില്ല. മുഴുവൻ ഗഡുക്കളും കൈപ്പറ്റിയ ഗുണഭോക്താക്കളുടെ കൈപ്പറ്റു വിവരം രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ഇ) കെട്ടിട നിർമ്മാണ പൂർത്തീകരണ തീയതി, കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, കെട്ടിട നമ്പർ, ധനസഹായം നൽകിയ തീയതി എന്നീ വിവരങ്ങൾ ഗുണഭോക്തൃ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

(എഫ്) പദ്ധതി ചെലവുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകളുടെ പകർപ്പുകൾ, ചെലവിനാധാരമായ ട്രഷറി ബില്ലുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, എന്നിവ യഥാസമയം ഫയൽ ചെയ്യുന്നില്ല.

2).ജി.ഒ.(എം,എസ്.) 29/2018/ത.സ്വ.ഭ.വ./തീ.28.2.2018 പ്രകാരം പി.എം.എ.വൈ.പദ്ധതിയുടെ യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയായി 1.4.2017 മുതൽ വർദ്ധിപ്പിക്കുകയുണ്ടായി. ഇതുപ്രകാരം 1.5 ലക്ഷം രൂപ കേന്ദ്രവിഹിതവും, 50000/-രൂപ സംസ്ഥാന വിഹിതവും, 2 ലക്ഷം രൂപ നഗരസഭ വിഹിതവുമാണ്. ഇതിനെ തുടർന്ന് ഗുണഭോക്താക്കളിൽനിന്നും വാങ്ങിയ ഗുണഭോക്തൃ വിഹിതം തിരികെ നൽകിയതായി കാണുന്നു. മേൽ ഉത്തരവിലോ മറ്റു ഉത്തരവു മുഖേനയോ ഗുണഭോക്തൃവിഹിതം തിരികെ നൽകുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശമൊന്നും ലഭിച്ചതായി കാണുന്നില്ല.

3. പി.എം.എ.വൈ.പദ്ധതിയുടെ മോണിട്ടറിംഗ് നടത്തേണ്ടത് വാർഡ് തല കമ്മിററിയാണ്. എന്നാൽ വാർഡ് തല കമ്മിററി മോണിട്ടറിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ഫയലുകളിൽ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പിഎം.എ.വൈ ഫയൽ സൂക്ഷിപ്പിലെ അപാകത ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും ആയത് പരിഹരിക്കുന്നതിന് നാളിതുവരെ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലയെന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. കോടിക്കണക്കിന് രൂപയുടെ ചെലവു രേഖകൾ കൃത്യമായും ചിട്ടയായും ഉത്തരവാദിത്തത്തോടെയും സൂക്ഷിക്കേണ്ടത് അനിവാര്യമാണെന്നിരിക്കെ ഫയലുകളുടെ സൂക്ഷിപ്പ് വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് അപലപനീയമാണ്.

## 1-34 പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം. : 3/19, 242/19 (സ്പിൽ ഓവർ)

അടങ്കൽ തുക : 2400000/-രൂപ, 450000/-രൂപ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി മേൽ പ്രൊജക്റ്റുകൾ പ്രകാരം 24,75,000/-രൂപ ( 2300000/-രൂപ, 175000/-രൂപ) നഗരസഭ 2018-19 ൽ ചെലവഴിച്ചിട്ടുണ്ട്. 33 പേർക്ക് 75000/-രൂപ വീതമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ./തീയതി 14.2.2018 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ ഈ ആനുകൂല്യത്തിന് അപേക്ഷിച്ചവർ തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകാൻ പാടില്ല. എന്നാൽ മേൽപറഞ്ഞ അപേക്ഷകർ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ലെന്ന് പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.
2. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം. എന്നാൽ ശ്രീ.വാസു.പി.പി., പുന്നൂർ പറമ്മൽ (അപേക്ഷ നം.എ-9/8472/18), ശ്രീമതി.മാലതി.ടി, തടപ്പറമ്പിൽ (അപേക്ഷ നം.എ-9/8822/18) എന്നിവരുടെ അപേക്ഷ നിശ്ചിത കാലാവധിക്കുശേഷമാണ് സമർപ്പിച്ചിട്ടുള്ളത്. ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം കാലതാമസം മാപ്പാക്കാനുള്ള അപേക്ഷ സമർപ്പിക്കുകയോ കാലതാമസം മാപ്പാക്കി ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. നടപടിക്രമം പാലിക്കാതെയാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.
3. ശ്രീ.മൂത്തോറൻ, പുൽപറമ്പിൽ (അപേക്ഷനം.പി-1/113/19/5.1.19) എന്നയാൾക്ക് ധനസഹായമായി അനുവദിച്ച 75000/-രൂപ അപേക്ഷകന്റെ കേരള ഗ്രാമീണ ബാങ്കിലെ 40666101015832 അക്കൗണ്ട് നമ്പറിൽ ക്രെഡിറ്റു ചെയ്യുന്നതിനു പകരം 100361201520100 നമ്പറായി കെ.ഡി.സി.ബാങ്കിലുള്ള ഒരു അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തതായാണ് സാംഖ്യ ബിൽ പ്രകാരം കാണിച്ചിരിക്കുന്നത്. പ്രസ്തുത തുക യഥാർത്ഥ ഗുണഭോക്താവിനാണോ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല.

4. അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ പലപ്പോഴും കാലതാമസം വരുന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | അപേക്ഷ സമർപ്പിച്ച തീയതി | തീർപ്പാക്കിയ തീയതി |
|---|---|---|
| ശ്രീധരൻ.എ, എറുവാട്ട് | 20.3.2018 | 9.7.2018 |
| ചന്ദ്രൻ.പി., അരച്ചാൻ കുന്നത്ത് | 20.3.2018 | 19.7.2018 |
| വിലാസിനി, പനച്ചിങ്ങൽ | 22.1.2018 | 9.7.2018 |
| സുജാത, ഇരിമ്പിടക്കണ്ടി | 15.2.2018 | 17.7.2018 |
| വസന്ത.കെ, കൈതൂർ | 7.4.2018 | 9.7.2018 |
| പ്രദീപ്കുമാർ, കുഴിമ്പാട്ടിൽ | 18.4.2018 | 17.7.2018 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിനും ഓഡിറ്റ് എൻക്വയറി (നം.20/18-19/20.01.2020) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിട്ടുണ്ടോയെന്നും അപേക്ഷകളിന്മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്താതെ ധനസഹായം അനുവദിച്ചത് ശരിയായ നടപടിയല്ല. ബന്ധപ്പെട്ട രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ 2475000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | ആവശ്യം | തുക |
|---|---|---|
| 21800032/04/04/2018 | തുടർ വിദ്യാഭ്യാസ കലോത്സവ നടത്തിപ്പ് ചെലവ് | 10000 |
| 21800066/12/04/2018 | പൾസ് പോളിയോ ചെലവ് -ധനസഹായം | 15000 |

എന്നാൽ മേൽ പറഞ്ഞ ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം സെക്രട്ടറി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 1-ൽ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 3854/2012 ത.സ്വ.ഭ.വ തീയ്യതി 30/11/2017 ഉത്തരവിൽ സാക്ഷരതാമിഷന് സംഭാവന നൽകുന്ന അവസരത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ധനവിനിയോഗ സാക്ഷ്യപത്രം നൽകണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. ക്രമ നമ്പർ 2 ൽ ത.സ്വ.ഭ.(എഫ്.എം) വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) 647/2018 ത.സ്വ.ഭ.വ തീയ്യതി 08/03/2018 പ്രകാരം പ്രസ്തുത മെഡിക്കൽ ഓഫീസർമാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ധനവിനിയോഗ സാക്ഷ്യപത്രം നൽകണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്.

പ്രസ്തുത അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/19.1.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 25000 തടസ്സത്തിൽ വെക്കുന്നു.

## 1-36 ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

1. <u>ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല.</u>

2018-19 വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ മുക്കം നഗരസഭയുടെ മാലിന്യസംസ്ക്കരണ പദ്ധതി ചെലവുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന പ്രൊജക്ട് ഫയലുകളും അനബന്ധ രേഖകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര് | പ്രൊജക്ട് നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പോർട്ടബിൾ സ്വാപ്പ് ഷോപ്പ് | 229/19 | 44032 |
| 2 | എ-പ്ലസ് എ സെല്യൂഷൻ ഫോർ വേസ്റ്റ് | 231/19 | 100000 |
| 3 | ഖരമാലിന്യ സംസ്ക്കരണം (എസ്.ഒ) | 402/19 | 213332 |
| 4 | ബയോഗ്യാസ് പ്ലാന്റ് (എസ്.സി) | 237/19 | 244420 |
| 5 | ബയോഗ്യാസ് പ്ലാന്റ് (എസ്.ഒ) | 236/19 | 1099890 |
| ആകെ | | | 1701674 |

മേൽ കാണിച്ച രേഖകൾ ലഭ്യമാക്കുന്നതിനായി 8.1.2020 -ന് ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

2. <u>ചെലവ് രേഖകൾ ഹാജരാക്കിയില്ല.</u>

2018-19 വർഷം ചെലവ് കാണിച്ചിട്ടുള്ള താഴെ കൊടുത്തിട്ടുള്ള പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല.

1) പ്രൊജക്ടിന്റെ പേര് : കിച്ചൺ ബിൻ

പ്രൊജക്ട് നമ്പർ : 235/19

അടങ്കൽ തുക :205000/-

ഹെൽത്ത് ഓഫീസർ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം 123410/- രൂപ ചെലവ് വന്നിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ലഭിച്ചതിന്റെ വിവരങ്ങൾ, തുക മുഴുവനായി ബന്ധപ്പെട്ട സ്ഥാപനത്തിന് അടവാക്കിയതിന്റെ വിവരങ്ങൾ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല.

2) പ്രൊജക്ടിന്റെ പേര് : ജൈവ വൈവിധ്യ രജിസ്റ്റർ

പ്രൊജക്ട് നമ്പർ : 232/19

അടങ്കൽ തുക :250000/-(തനത് ഫണ്ട്)

മേൽ പ്രൊജക്ടിനായി മൊത്തം 206100/- രൂപ ചെലവായിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച മുഴുവൻ വൗച്ചറുകളും ലഭ്യമായിട്ടില്ല. പ്രസ്തുത പ്രവൃത്തി നടന്നതിന്റെ വിശദാംശങ്ങളും ഫയലിലില്ല. ചെലവു തുകയുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3) പ്രൊജക്ടിന്റെ പേര് : വാട്ടർ ടാങ്ക് (എസ്.സി)

പ്രൊജക്ട് നമ്പർ : 233/19

മേൽ പ്രൊജക്ട് പ്രകാരം 352 പേർക്ക് 1700/- രൂപ വീതം 598400/- രൂപയാണ് പദ്ധതി ചെലവ് .എന്നാൽ 445400/- രൂപ അടവാക്കിയതിന്റെ ബിൽ മാത്രമാണ് ഫയലിലുള്ളത്. കൂടാതെ താഴെ പറഞ്ഞ രേഖകളും ലഭ്യമാക്കിയിട്ടില്ല.

1. പദ്ധതിയുടെ ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെയും ,സ്ഥാപനത്തിൽ അടച്ചതിന്റെയും രേഖകൾ.
2. ഡി.പി.സി അംഗീകരിച്ച പദ്ധതി പ്രകാരം 200 ടാങ്കിനാണ് ടെണ്ടർ വിളിച്ചതെങ്കിലും ക്വട്ടേഷനേക്കാൾ 50% അധികം ടാങ്കുകൾ വാങ്ങിയിട്ടുണ്ട്.
3. ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖയില്ല.
4. ടെണ്ടർ വിളിച്ചതിന്റെയോ നടത്തിയതിന്റെയോ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. പ്രൊക്യുർമെന്റ് മാനവൽ പ്രകാരം രണ്ട് ദിന പത്രത്തിൽ പരസ്യം ചെയ്തതിന്റെ രേഖ ഫയലില്ല.

6. അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയില്ല.

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/19,20.1.20) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ 2184184/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ആർ.എം.എസ്.എ.പദ്ധതി - ചെലവു രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നം.: 125/19

അടങ്കൽ തുക : 1408000/-രൂപ
(1108000 കേന്ദ്രാവിഷ്കൃത ഫണ്ട്

300000 തനത്ഫണ്ട് )

ചെലവു തുക : 1094883/-രൂപ

നിർവ്വഹണോദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ, ജി.എച്ച്.എച്ച്.എസ്. നീലേശ്വരം

കേന്ദ്ര സർക്കാർ അംഗീകാരത്തോടെ ശാക്തീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗവ. ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ലാബ്, കമ്പ്യൂട്ടർ റൂം, അഡീഷണൽ ക്ലാസ് റൂം എന്നിവയുടെ നിർമ്മാണത്തിന് ആർ.എം.എസ്.എ. പദ്ധതി പ്രകാരം കൈമാറിയ തുകയിൽ, മേൽ പ്രൊജക്ടിനായി വകയിരുത്തിയ 1,408,000/-രൂപയിൽ 1094883/-രൂപ ചെലവഴിച്ചിട്ടുണ്ട്. 27.2.2019 ലെ ഓഫീസ് ഉത്തരവ് നം.478 പ്രകാരം 739567/- രൂപയും, ഉത്തരവു നം. 479 പ്രകാരം 355316/-രൂപയും ഫർണിച്ചർ വാങ്ങുന്നതിനായി ആർട്ട്കോയ്ക്ക് (ARTCO) കൈമാറിയിട്ടുണ്ട്. എന്നാൽ ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട് ആർട്ട്കോയുടെ 739567/- രൂപയുടെ ബില്ലുകൾ (19.2.2019ലെ 319529/-രൂപയുടെയും 8.3.2019ലെ 420038/രൂപയുടെയും) മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. 355316/-രൂപയുടെ ബിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല ആർട്ട്കോയിൽ നിന്നും വാങ്ങിയ ഫർണിച്ചർ സ്റ്റോക്കിലെടുത്തിട്ടില്ല.

1094883/-രൂപ ചെലവഴിച്ച് വാങ്ങിയ ഫർണിച്ചറിന്റെ സ്റ്റോക്ക്, 355316/-രൂപയുടെ ക്യാഷ് ബിൽ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.43/18-19/23.03.2020) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1094883/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 ശമ്പള പരിഷ്ക്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

2014 ശമ്പള പരിഷ്ക്കരണ ഉത്തരവു പ്രകാരം ശമ്പള കുടിശ്ശിക ലഭിച്ച ജീവനക്കാരുടെ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ പുതുക്കിയ നിരക്കിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ ആയത് അടവാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് (പി) 7/2016 ഫിൻ തീയ്യതി 20.01.2016 പ്രകാരം ജൂലായ് 2014 മുതൽ ജനുവരി 2016 വരെയുള്ള ശമ്പളം പരിഷ്ക്കരിച്ചിരുന്നു. രണ്ട് ഗഡു പി.എഫ് -ലും രണ്ട് ഗഡു 2018-19ൽ പണമായും നൽകിയിട്ടുണ്ട്.

എന്നാൽ പരിഷ്ക്കരിച്ച തുകക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവ് 2019 മാർച്ച് വരെ നടത്തിയിട്ടില്ല. കൂടതെ മറ്റ് മുൻസിപ്പാലിറ്റിയിൽ നിന്നും സ്ഥലമാറ്റം വഴി വന്ന ജീവനക്കാരുടെ കാര്യത്തിലും അവരുടെ വിഹിതം പ്രസ്തുത അക്കൗണ്ടിലേക്ക് അടവ് വന്നോ എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/19,20.1.20) ലഭിച്ച മറുപടിയിൽ തുക അടവാക്കിയിട്ടില്ലെല്ലന്ന് അറിയിച്ചു. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-39 പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് സൂക്ഷിപ്പിലെ ന്യൂനതകൾ സംബന്ധിച്ച്

30.04.2005 ലെ സർക്കാർ ഉത്തരവ് (അ) നമ്പർ.124/2005 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കേരള മുൻസിപ്പാലിറ്റി (മുൻസിപ്പൽ ജീവനക്കാരുടെ സെൻട്രൽ പ്രൊവിഡന്റ് ഫണ്ട്) ചട്ടങ്ങൾ ആണ് സംസ്ഥാനത്തുള്ള മുൻസിപ്പൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിന് ബാധകമായിട്ടുള്ളത്. 2018-19 വർഷത്തെ മുക്കം മുൻസിപ്പാലിറ്റിയുടെ പ്രൊവിഡന്റിന്റെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ മേൽ പ്രസ്താവിച്ച ചട്ടങ്ങൾ പാലിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. ചട്ടം 7 പ്രകാരം ഫോറം 2ൽ സൂക്ഷിക്കേണ്ടതായ വരിക്കാരുടെ വരിസംഖ്യയും പലിശയും, കൈപ്പറ്റിയ മുൻകൂറും , പിൻവലിച്ച തുകയും കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. <u>വാർഷിക ക്രെഡിറ്റ് കാർഡ് അവലംബിച്ചല്ല ലോൺ തുക നൽകുന്നത്.</u>

നഗരകാര്യ ഡയറക്ടർ വരിക്കാരന് നൽകുന്ന വാർഷിക ക്രെഡിറ്റ് കാർഡിനെ ആസ്പദമാക്കിയാണ് സെക്രട്ടറി ലോൺ തുക അനുവദിക്കേണ്ടത്. എന്നാൽ 2018-19 ൽ ലോണുകൾ അനുവദിച്ചതായി കാണുന്നത് എൽ.പി.സി യുടെ അടിസ്ഥാനത്തിലാണ്. വരിക്കാരന്റെ കണക്കിൽ വരുന്ന പലിശ തുക മേൽ പറഞ്ഞ സ്റ്റേറ്റ്മെന്റ് ഇല്ലാത്തതിനാൽ വ്യക്തമല്ല

3. <u>ലോൺ തുക വിനിയോഗിച്ച വിവരം ഡയറക്ടറെ നഗരസഭ അറിയിക്കുന്നില്ല.</u>

ചട്ടം19(3) പ്രകാരം ഫണ്ട് പിൻവലിക്കാൻ അനുവാദം ലഭിച്ച വരിക്കാരൻ ഒരു മാസത്തിനകം വിനിയോഗ വിവരം സെക്രട്ടറി മുഖാന്തിരം വിവരം ഡയറക്ടറെ അറിയിക്കേണ്ടതാണ്. എന്നാൽ അപ്രകാരം അറിയിച്ചതായ രേഖകൾ ഫയലിൽ കാണുന്നില്ല.

4. <u>വായ്പ വൗച്ചർ ഡയറക്ടർക്ക് അയച്ച് നൽകുന്നില്ല.</u>

വരിക്കാരന് വായ്പ പിൻവലിച്ച് നൽകുന്ന വൗച്ചറിന്റെ വിവരം ഡയറക്ടറെ അറിയിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല.

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/19,20.1.20) ലഭ്യമാക്കിയ മറുപടിയിൽ മേൽ പറഞ്ഞ വിഷയങ്ങൾ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. അപേക്ഷകളിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയും 2005 ലെ മേൽ പറഞ്ഞ ചട്ടം പാലിച്ചുകൊണ്ടും ലോൺ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-40 എൻ.പി.എസ് -ജീവനക്കാർക്ക് ലാഭവിഹിതം നൽകിയില്ല.

07.01.2013 – ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 20/2013 ധന സർക്കാർ ഉത്തരവ് പ്രകാരം കേരള സർവ്വീസ് റൂൾസ് പാർട്ട് III ബാധകമാക്കുന്ന തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ 01.04.2013 മുതൽ നാഷണൽ പെൻഷൻ സിസ്റ്റം ബാധകമാക്കിയിട്ടുണ്ട്. 2013 -ലെ പി.എഫ്.ആർ.ഡി.എ ആക്ടിന്റെ അടിസ്ഥാനത്തിലാണ് എൻ.പി.എസ് നടപ്പിലാക്കിയിട്ടുള്ളത്.

മുക്കം മുനിസിപ്പാലിറ്റിയുടെ 2018-19 വർഷത്തെ എൻ.പി.എസ് ഫയൽ പരിശോധിച്ചതിലൂടെ കണ്ടെത്തിയ ന്യൂനതകൾ താഴെ ചേർക്കുന്നു

1. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും എൻ.പി.എസ് വിഹിതമായി കിഴിവ് വരുത്തുന്ന തുകകൾ പ്രസ്തുത അക്കൗണ്ടിലേക്ക് പൂർണ്ണമായി അടവാക്കിയിട്ടില്ല. മുനിസിപ്പാലിറ്റിയിൽ 2017 ജൂൺ മുതൽക്കുള്ള കാലയളവിൽ രണ്ട് മാസത്തെ തുക ഒഴികെ ബാക്കി തുക നഗരസഭ എക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. DDO code ലഭിക്കാത്തതിനാലാണ് എൻ.പി.എസ്. തുക അടവാക്കാൻ സാധിക്കാത്തത് എന്ന് അറിയിച്ചിരുന്നു. DDO code ലഭിച്ചതിനെ തുടർന്ന് 2017 ജൂണിലെ വിഹിതം 30/07/2019 ന് ആദ്യ അടവ് നടത്തിയെങ്കിലും 2019 ജുലായ് മുതൽ എൻ.പി.എസ് വിഹിതം അടവാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കുടിശ്ശികയടക്കമുള്ള തുക 2020 ജനുവരിയിൽ അടവാക്കി.ഇത്തരത്തിൽ തുക അടവാക്കുന്നതിൽ കാലതാമസം വന്നതിലൂടെ ജീവനക്കാർക്ക് ലഭിക്കേണ്ട ലാഭവിഹിതം നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ട്. ഇപ്രകാരം കാലതാമസം വരാമുണ്ടായ കാരണം സ്ഥാപന സോഫ്റ്റ് വെയറിൽ ഉണ്ടായ സാങ്കേതിക തകരാറാണെന്ന നഗരസഭ അറിയിച്ചിട്ടുണ്ട്. എൻ.പി.എസ് ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യുന്ന തുക സ്ഥാപന സോഫ്റ്റ്വെയർ വഴി യഥാസമയം നഗരകാര്യ ഡയറക്ടറെ അറിയിക്കേണ്ടതും

യഥാസമയം തന്നെ തുക ജീവനക്കാരുടെ അക്കൗണ്ടിൽ വരവ് വെക്കപ്പെടുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

2. നിലവിൽ പ്രാൺ നമ്പർ ലഭിച്ച ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക ബാങ്കിലടച്ച് നഗരകാര്യ ഡയറക്ടറെ അറിയിക്കുന്നുണ്ടെങ്കിലും തുക കൈപ്പറ്റിയതിന്റെയോ പി.എഫ്.ആർ.ഡി.എ അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെയോ രേഖകൾ മുൻസിപ്പാലിറ്റിക്ക് നഗരകാര്യ ഡയറക്ടറിൽ നിന്നും ലഭിക്കുന്നില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പഞ്ചായത്ത് 2015 -ൽ മുനിസിപ്പാലിറ്റി ആയി മാറിയത് സംബന്ധിച്ചും, എൻ.പി.എസ് കൈകാര്യം ചെയ്യുന്നതിലുള്ള പരിചയകുറവുമാണ് ഇതിന് കാരണമായി മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

## 1-41 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

2018-19 വർഷം നീലേശ്വരം ജി.എച്ച്.എസ്.എസ് പ്രിൻസിപ്പാൾ നിർവഹണ ഉദ്യോഗസ്ഥനായി പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി വിതരണം ചെയ്യുന്നതിലേക്ക് വിവിധ പ്രോജക്ടുകൾ പ്രകാരം ആർട്ട് കോയിൽ നിന്നും 167 മേശയും കസേരയും 5000/-രൂപ നിരക്കിൽ (1 മേശയും കസേരയും) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | വിതരണം ചെയ്ത ഫർണ്ണിച്ചറുകളുടെ എണ്ണം | ചെലവഴിച്ച തുക | ബിൽ നം./ ചെക്ക് നം./ തീയതി |
|---|---|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ (ഹൈസ്കൂൾ വിഭാഗം) പ്രോജക്ട് നം.145/19 | 100 | 499966 | 13/2018-19/11.3.2019 |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ (യു.പി.വിഭാഗം) പ്രോജക്ട് നം.442/19 | 60 | 175000<br>75000<br>50000 | 11/2018-19/24.1.2019<br>ചെക്കനം.1598354/19.2.19<br>ചെക്കനം.1598355/20.2.19 |
| 3 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ (പ്രോജക്ട് നം.158/19) | 7 | 34997 | 12/2018-19/24.1.2019 |

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1. പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ കൊടുത്ത വിദ്യാർത്ഥികളുടെ അപേക്ഷയോടൊപ്പം ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 106 | ജ്യോതിക |
| 113 | അർച്ചന.സി |
| 120 | സഖിൽ സജീവ് |
| 153 | ജ്യോതി.സി. |
| 154 | അനുശ്രീ.സി. |
| 5 | ദേവിക.ജി. |
| 6 | ആകാശ്.എൻ.പി. |
| 7 | അർജ്ജുൻ.എൻ.പി. |

2. പട്ടികജാതി ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം.74 സന്ദീപ്.കെ.നാടുകാണി, ക്രമ നം.77 ജിനിൽരാജ് എന്നിവർ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും, ബന്ധപ്പെട്ടരേഖകൾ ഹാജരാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി (നം.42/18-19/23.03.2020) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ രേഖകൾ സഹിതം മറുപടി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-42 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ നിയമാനുസൃതമായി അടക്കുന്നില്ല. മുനിസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല.

ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു വിഹിതം പെൻഷൻ കോൺട്രിബ്യൂഷനായി നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി എല്ലാ മാസവും 15ാം തീയതിക്കകം അടവാക്കേണ്ടതുണ്ട്.

1996-ലെ കേരളമുൻസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം2 (ഐ) -ൽ 'വേതനം' എന്നാൽ ജീവനക്കാരന്റെ ശമ്പളവും അലവൻസുകളും എന്ന് നിർവചിച്ചിട്ടുണ്ട്. ചട്ടം 7 (2) പ്രകാരം മൊത്തം വേതനത്തിന്റെ 15% ആണ് പെൻഷൻ വിഹിതമായി അടവാക്കേണ്ടത്. എന്നാൽ ഓഡിറ്റ് കാലയളവിലെ ശമ്പള ബിൽ, പെൻഷൻ അടച്ചതിന്റെ ഫയൽ എന്നിവ പരിശോധിച്ചതിൽ അടിസ്ഥാന ശമ്പളത്തിന്റെ 15% മാത്രമാണ് അടവാക്കി വരുന്നത്.

ഉദാഹരണം .മെയ് 2018 -ലെ ശമ്പള ബിൽ

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | പെൻഷൻ വിഹിതം ഒടുക്കിയത് |
|---|---|---|
| ശ്രീമതി ഇന്ദിര (സൂപ്രണ്ട് | 39500 | 5925 |
| ബഷീർ .കെ | 33900 | 5085 |

ഇപ്രകാരം തൻമാസം അടവാക്കിയ മൊത്തം പെൻഷൻ കോൺട്രിബ്യൂഷൻ:50341 രൂപ, ചലാൻ നമ്പർ : k1002458982/2018-19 തീയതി : 05.06.2018

മേൽ പറഞ്ഞ രീതിയിൽ ചട്ട വിരുദ്ധമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയ മുൻകാലങ്ങളിലെ ശമ്പള ബില്ലുകൾ കൂടി പരിശോധിച്ച് വീഴ്ച വന്നകാലത്തെ നിയമാനുസൃത തുക മുഴുവൻ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്

**മുനിസിപ്പൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.**

മേൽ പറഞ്ഞ ചട്ടത്തിലെ ചട്ടം 6 പ്രകാരം സർക്കാർ ട്രഷറിയിൽ എസ്.ബിഅക്കൗണ്ടിലോ, ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് ആരംഭിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ്എൻക്വയറിക്ക്(16/18-19/ 20.1.20) നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നഗരസഭാ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-43 തെരുവുവിളക്കുകളുടെ സംരക്ഷണം, വെള്ളക്കരം ഒടുക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2018-19 കാലയളവിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ വൻതുക ഒടുക്കിയതായി തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം കാണുന്നുണ്ട്. 12.03.2013 -ലെ 65529/ഡി.സി.3/12/തസ്വഭവ നമ്പർ സർക്കാർ സർക്കുലറിൽ മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും നടപടി സ്വീകരിച്ചതായി കാണുന്നില്ല. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയതിന് റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും ആയതിനെ അടിസ്ഥാനപ്പെടുത്തി തെരുവുവിളക്കകളുടെ എണ്ണവും, പ്രവർത്തന രഹിതമായവയുടെ വിവരങ്ങളും രേഖപ്പടുത്തുന്ന തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2018-19 കാലയളവിൽ പൊതു ടാപ്പുകളുടെ വെള്ളക്കരമായി മാസംതോറും 109062/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. 23.06.2006 ലെ ജി.ഒ. (ആർ.ടി.) നം. 1501/2006/തസ്വഭവ. സർക്കുലർ പ്രകാരം സംയുക്ത പരിശോധന നടത്തി വാട്ടർടാപ്പുകളുടെ എണ്ണവും, പ്രവർത്തനരഹിതമായവയുടെ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ സൂക്ഷിക്കുകയോ ആയതിനനുസരിച്ച് വെള്ളക്കരം ക്രമീകരിച്ച് അടവാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. മാർഗ്ഗരേഖപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.6/19,7/19,18.1.20)

മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിച്ച് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിന് ഇതിലൂടെ നഗരസഭയ്ക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനും ഭരണസമിതി പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 1-44 സ്യൂട്ട് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

2018-19 കാലഘട്ടത്തിൽ മുക്കം മുൻസിപ്പാലിറ്റി ഹരജിക്കാരായും എതിർ കക്ഷിയായും ധാരാളം കേസ്സുകൾ പല കോടതികളിലായി ഉള്ളതായി സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ഹൈക്കോടതിയിലും എൽ.എസ്.ജി. ട്രിബ്യൂണലിലുമായി നിലവിൽ പല കേസ്സുകൾ ഉള്ളതായി കാണിച്ചിട്ടുമണ്ടെങ്കിലും കേസുകളുടെ തീർപ്പ് വിധി വിവരങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആ കേസ്സുകൾ എപ്പോൾ തീർപ്പായെന്നും, ആർക്ക് അനുകൂലമായാണ് വിധി ആയതെന്നും സൂട്ട് രജിസ്റ്റർ കൊണ്ട് വ്യക്തമാകുന്നില്ല. 2018-ലെ സൂട്ട് രജിസ്റ്റർ പ്രകാരം എൽ.എസ്.ജി ട്രിബ്യൂണലിൽ ഉള്ള രണ്ട് കേസ്സുകളുടെയും ഹൈക്കോടതിയിലെ റിട്ട് ഹരജിയായ രണ്ട് കേസുകളുടെയും ലോകായുക്തയിലെ ഒരു കേസിന്റെയും നിലവിലെ സ്റ്റാറ്റസ് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. മാത്രമല്ല അഡ്വക്കേറ്റിന് നൽകിയ ഫീസിന്റെ വിവരങ്ങളും (പ്രിലിമിനറി/ഫൈനൽ) രേഖപ്പെടുത്തിയിട്ടില്ല.

2019 വർഷവും സ്യൂട്ട് രജിസ്റ്റർ കാലികാമാക്കിയിട്ടില്ല.

എന്നാൽ 2003 മുതലുള്ള കേസ്സുകളുടെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കേസ്സുകളുടെ അന്തിമവിധി സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഹൈക്കോടതിയിൽ

ഫയലാക്കിയ റിട്ട് ഹരജികളെ സംബന്ധിച്ച് ഹൈക്കോടതിയുടെ ഔദ്യോഗിക സൈറ്റ് പരിശോധിച്ചതിൽ കണ്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

| നമ്പർ | വിവരം |
|---|---|
| wp(c)4804/07 | Dismissed an infractious |
| wp(c)4900/08 | Disposed as not pressed |
| wp(c)8277/19 | Case disposed on 25.03.19 |
| wp(c)29364/18 | Case disposed on 03.01.19<br>(court directed to take appropriate action with in 2 months from the date of receipt of copy of judgement &muncipality is also directed to provide an opportunity to participation and hearing to the petitioner before finalizing the issue.) സൂട്ട് രജിസ്റ്റർ പ്രകാരം ഹൈക്കോടതിയുടെ ഉത്തരവ് complay ചെയ്തോയെന്ന് വ്യക്തമല്ല. |

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/19, 20.1.20) ലഭ്യമാക്കിയ മറുപടിയിൽ നടപടികൾ സ്വീകരിച്ച് വരുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

## 1-45 ലൈബ്രറി സെസ്സ് -കൃത്യമായി അടവാക്കിയിട്ടില്ല

ലൈബ്രറി സെസ്സിന്റെ ഫയൽ പരിശോധിച്ചതിൽ 2014-15 മുതൽ 2017-18 സെപ്റ്റംബർ വരെയുള്ള ലൈബ്രറി സെസ്സ് 20,13,330/-രൂപ 23/10/2018 ൽ അടവാക്കാനാവശേഷിക്കുന്നുണ്ട്. ലൈബ്രറി കൗൺസിലിന് അടവാക്കാനുള്ള തുക ചലാൻ നമ്പർ 46/26-10-2018 പ്രകാരമാണ് അടവാക്കിയിട്ടുള്ളത്(ചെക്ക് നമ്പർ 21800748/23-10-2018) .

മറ്റ് സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ടതായ തുകകൾ യഥാസമയം അടവാക്കാതെ തനത്ഫണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമവിരുദ്ധമാണ്. കൂടാതെ ത.സ്വ.ഭ.വ യുടെ 20.05.2005 ലെ സർക്കുലർ നമ്പർ 10088/ എൽ3/05 പ്രകാരം പരാമർശിച്ചിട്ടുള്ള കനത്ത പിഴ അടവാക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/19, 21.1.20) മറുപടി ലഭ്യമാക്കിയിട്ടില്ല

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-46 ഇടവിളകൃഷി - പദ്ധതി നടത്തിപ്പിലെ അപാകത

2018-19 ൽ 'ഇടവിള കൃഷി-വനിത" (പ്രൊജക്ട് നമ്പർ 74/19) പദ്ധതിയിൽ 25% ഗുണഭോക്തൃ വിഹിതം ഉൾപ്പടെ നാല് ലക്ഷം രൂപ വകയിരുത്തിയിരുന്നു. 400/- രൂപ വീതം 1000 പേർക്ക് കിറ്റ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

എന്നാൽ ഒരു കിറ്റിന് 520 രൂപ പ്രകാരം 769 ഗുണഭോക്താക്കൾക്ക് പദ്ധയിയിലൂടെ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 399880/- രൂപ ചെലവിഴിച്ചിട്ടുണ്ട്. എന്നാൽ അംഗീകാരം ലഭിച്ച പദ്ധതിയിൽ മാറ്റം വരുത്തി പരിഷ്കരിക്കാതെയാണ് ഇപ്രകാരം തുക ചെലവഴിച്ചത്. വികസനഫണ്ട് വിഹിതമായ 299910/- രൂപക്കുള്ള ബിൽ തൻവർഷം ട്രഷറിയിൽ നൽകിയെങ്കിലും ബിൽ മാറി നൽകിയത് 2019-2020 ൽ ആണ്.

ഗുണഭോകതൃ വിഹിതമിനത്തിൽ ലഭിച്ച 99970/- രൂപയിൽ 82160/- രൂപ (63310+18850) 18-19 ലും 17810/- രൂപ 19-20 ഏപ്രിൽ മാസത്തിലും നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. നഗരസഭയുടെ തനത്ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.
ആകെ ഗുണഭോക്തൃവിഹിതം 99970/- രൂപ അടവാക്കിയതിൽ 63310/- രൂപ മുൻസിപ്പാലിറ്റിയിൽ നിന്നും വിതരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. എന്നാൽ പണം നൽകേണ്ട വി.എഫ്.പി.സി.കെ- ക്ക് തുക പൂർണ്ണമായി നൽകിയില്ല. പണം മുഴുവനായി വിതരണ സ്ഥാപനത്തിന് നൽകി പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. മേൽ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-47 സർക്കാർ അനുമതിയില്ലാതെ ദിവസവേതനത്തിൽ ജീവനക്കാരെ നിയമിച്ചു.

സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 109/2016 ത.സ്വ.ഭ.വ തീയതി 05.08.2016 പ്രകാരം പുതുതായി രൂപീകരിച്ച മുൻസിപ്പാലിറ്റികൾക്ക് വിവധ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2018 ഏപ്രിൽ മുതലുള്ള ശമ്പളം ദിവസ വേതനത്തിന്റെ വൗച്ചർ പരിശോധിച്ചതിൽ നിരവധി പേർ ദിവസ വേതനത്തിൽ മുൻസിപ്പാലിറ്റിയിൽ ജോലി ചെയ്ത് വരുന്നതായി കാണുകയുണ്ടായി. കൂടുതൽ ജീവനക്കാരെ നിയമിക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.
മുൻസിപ്പാലിറ്റിയിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പി.എസ്.സി വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മാത്രമെ ജീവനക്കാരെ നിയമിക്കാവൂ. എന്നാൽ ഇവിടെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായവർ മേൽ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെട്ടവരല്ല. ടി കാലയളവിൽ ജോലി ചെയ്ത ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ശ്രീമതി ശാലിനി (ഡാറ്റാ എൻട്രി)
2. ശ്രീമതി രമ്യ (ഡാറ്റാ എൻട്രി)
3. ശ്രീമതി സുധ (ഡാറ്റാ എൻട്രി)
4. ശ്രീ.എഡ്മുണ്ട് ജാക്സൺ (ഓവർസിയർ)
5. ശ്രീമതി സ്നേഹ പി.ആർ (തസ്തിക രേഖപ്പെടുത്തിയിട്ടില്ല)
6. ശ്രീമതി പ്രിയ എം (തസ്തിക രേഖപ്പെടുത്തിയിട്ടില്ല)
7. ശ്രീ. ജയപ്രകാശൻ (ഡൈവർ)
8. ശ്രീ. പ്രസൂൺ (ജെ.എച്ച്.ഐ)
9. ശ്രീ. ജിതിൻ (ജെ.എച്ച്.ഐ)

മേൽ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/18-19/20.1.20) ലഭ്യമാക്കിയ മറുപടിയിൽ 2015 -ലെ ത.സ്വ.ഭ.വ 3655/15 നം ഉത്തരവാണ് പരാമർശിച്ചിട്ടുള്ളത്. നിലവിൽ മേൽ പറഞ്ഞവർ ആരും ജോലി ചെയ്യുന്നില്ല എന്നും അറിയിച്ചു.
2016 ലെ സർക്കാർ ഉത്തരവിൻ പ്രകാരം അനുവദിച്ച തസ്തികയിലുമധികം പേരെ നിലവിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ടെങ്കിൽ, മേൽ വ്യവസ്ഥകൾ പ്രകാരം മുൻകൂർ അനുമതി ഇല്ലാതെ നിയമിക്കുവാൻ വ്യവസ്ഥയില്ലാത്തതാകുന്നു.

## 1-48 പൗരാവകാശ രേഖ തയ്യാറാക്കിയില്ല

2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം പൊതു തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിന് ശേഷം കഴിയുന്നതും നേരത്തെ എന്നാൽ 6 മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും ഇത് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിരിക്കണമെന്നും തീരുമാനിക്കുകയും, ചട്ടം 4 പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്കായി ഓഫീസ് നോട്ടീസ് ബോർഡിലും മറ്റ് മുനിസിപ്പൽ പ്രദേശത്തെ

പൊതു സ്ഥലങ്ങളിലെ നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും ഇത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാകുന്നു. എന്നാൽ മുനിസിപ്പാലിറ്റി 2015 നവംമ്പറിൽ നിലവിൽവന്നതിന് ശേഷം പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടില്ല. 2018-19ൽ ഇതിനായി 241/19 നമ്പർ പ്രൊജക്ട് പ്രകാരം 100000/-രൂപ വകയിരുത്തിയിരുന്നുവെങ്കിലും നാളിതുവരെ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള തുടർ നടപടികളൊന്നും കൗൺസിൽ സ്വീകരിച്ചിട്ടില്ല. ചട്ടപ്രകാരം പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്യുകയോ കരാറുകാരിൽ നിന്ന് പിഴ ഈടാക്കുകയോ ചെയ്തില്ല - 203776/-രൂപ

2018-19 വർഷത്തിൽ പൊതുമരാമത്ത് മുൻസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ളതിൽ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടെങ്കിലും ആയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി | ടി.എസ്. പ്രകാരം പ്രവർത്തി പൂർത്തീ കരണ കാലയളവ്, സൈറ്റ് കൈ മാറിയ തിയ്യതി | പ്രവർത്തി പൂർത്തീ കരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാല യളവ് | ഈടാ ക്കേണ്ട പിഴ പി.എ.സി തുക യുടെ ശതമാന ത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 351/18-19 നടുകിൽ ചോത്തല പടിഞ്ഞാറയിൽ കാതിയോട് റോഡ് റീ ടാറിങ്ങ് | 976874 (റോഡ് മെയിന്റനൻസ് ഫണ്ട്) ബിൽ നം. 67/23.1.19 | ശ്രീ.അബ്ദുൾ നിസാർ എം.ടി 36/17-18/ 29.01.18 | 4മാസം 29.01.18 | 14.11.2018 എം.ബുക്ക് (48/17-18) കരാർ കാലാവധി കഴിഞ്ഞ് 04-10-18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 979005.47 രൂപയുടെ 3% | 29370 |
| 2 | 293/18-19 നീലേശ്വരം ശിവക്ഷേത്രം റോഡ് ടാറിങ്ങ് | 193935 (തനത് ഫണ്ട്) ബിൽ നം. 1582269/ 27.10.18 | ശ്രീ.സുനീഷ്.ടി.കെ 56/17-18/ 24.02.18 | 4മാസം 24.02.18 | 16.10.18 എം.ബുക്ക് (70/17-18) കരാർ കാലാവധി കഴിഞ്ഞ് 20.08-18 നാണ് | ഒറി ജിനൽ കാലാ വധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ.സി തുക 193935 രൂപയുടെ 3% | 5818 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | പ്രവർത്തി തുടങ്ങിയത് | | | |
| 3 | 359/18-19<br>മാപ്പിളപ്പറമ്പ് റോഡ് ടാറിങ്ങ് | 258351<br>(തനത് ഫണ്ട്)<br>ബിൽ നം.<br>1582276/ 05.11.18 | ശ്രീ.സുനീഷ്.ടി.കെ<br>64/17-18/24.02.18 | 4മാസം<br>24.02.18 | 06.10.18<br>എം.ബുക്ക്<br>(78/17-18) | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 258351 രൂപയുടെ 3% | 7751 |
| 4 | 269/18-19<br>താഴെക്കോട് മിച്ചഭൂമി റോഡ് കോൺക്രീറ്റിങ്ങ് | 263370<br>(തനത് ഫണ്ട്)<br>ബിൽ നം.<br>218001222/ 21.02.19 | ശ്രീ.ദിൻഷാദ്.എം.കെ<br>02/17-18/8.11.17 | 4മാസം<br>08.11.17 | 23.11.18<br>എം.ബുക്ക്<br>(13/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 08.11.18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 263370 രൂപയുടെ 3% | 7901 |
| 5 | 280/18-19<br>കുറിഞ്ചാൽ പരതപ്പൊയിൽ റോഡ് ടാറിങ്ങ് | 478080<br>(തനത് ഫണ്ട്)<br>ബിൽ നം.<br>218001226/ 21.02.19 | ശ്രീ.സുനീഷ്.ടി.കെ<br>105/17-18/20.03.18 | 4മാസം<br>20.03.18 | 10.01.19<br>എം.ബുക്ക്<br>(119/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 03.12.18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 478080 രൂപയുടെ 3% | 14342 |
| 6 | 382/18-19<br>ആലുന്തറ അങ്കണവാടി ചുറ്റുമതിൽ | 390317<br>(ധനകാര്യ കമ്മീഷൻ അവാർഡ്)<br>ബിൽ നം73/11.03.19 | ശ്രീ.സു നീഷ്.ടി.കെ<br>109/17-18/26.03.18 | 4മാസം<br>26.03.18 | 30.10.18<br>എം.ബുക്ക്<br>(125/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 03.08-18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 390317 രൂപയുടെ 3% | 11710 |
| 7 | 366/18-19<br>തോട്ടത്തിൻ കടവ് ശാന്തിനഗർ റോഡ് ഡ്രെയിനേജ് | 270901<br>(തനത് ഫണ്ട്)<br>ബിൽ നം.<br>366/30.03.19 | ശ്രീ.സുനീഷ്.ടി.കെ<br>65/17-18/24.02.18 | 4മാസം<br>24.02.18 | 26.03.19<br>എം.ബുക്ക്<br>(79/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 26.02.19 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 270901 രൂപയുടെ 3% | 8127 |
| 8 | 312/18-19<br>കാഞ്ഞിരമുഴി പറശ്ശേരി പറമ്പ്റോഡ് | 250000<br>( എം.ജി. റോഡ്ഫണ്ട്)<br>ബിൽ നം.<br>84/17.03.19 | ശ്രീ.സുനീഷ്.ടി.കെ<br>18/18-19/16.04.18 | 4മാസം<br>16.04.18 | 01.03.19<br>എം.ബുക്ക്<br>(38/18-19)<br>കരാർ കാലാവധി കഴിഞ്ഞ് 05.02.19 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 250000 രൂപയുടെ 3% | 7500 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 354/18-19<br>എരഞ്ഞിക്കൽ നടപ്പാത കോൺക്രീറ്റ് | 263094<br>(തനത് ഫണ്ട്)<br>ബിൽ നം.<br>1582225/27.6.18 | ശ്രീ.അബ്ദുൾ ബഷീർ .കെ<br>12/17-18/14.11.17 | 4മാസം<br>14.11.17 | 26.05.18<br>എം.ബുക്ക്<br>(24/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 23.04-18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 265753 രൂപയുടെ 3% | 7973 |
| 10 | 273/18-19<br>കുറ്റ്യേരിമ്മൽ പന്നൂർ റോഡ് | 480408<br>(തനത് ഫണ്ട്)<br>ബിൽ നം.<br>273/27.7.18 | ശ്രീ.സുനീഷ് .ടി.കെ<br>104/17-18/20.0318 | 4മാസം<br>20.03.18 | 12.02.19<br>എം.ബുക്ക്<br>(118/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 10.01.19 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 480408 രൂപയുടെ 3% | 14412 |
| 11 | 355/18-19<br>കെ.ടി.സി പമ്പ് ഹൗസ് പയ്യളി റോഡ് | 27778<br>( എം.ജി. റോഡ്ഫണ്ട്)<br>ബിൽ നം.<br>43/19.11.18 | ശ്രീ.സുനീഷ്.ടി.കെ<br>48/17-18/24.02.18 | 4മാസം<br>24.02.18 | 16.10.18<br>എം.ബുക്ക്<br>(62/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 06.09.18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 277778 രൂപയുടെ 3% | 8333 |
| 12 | 391/18-19<br>ആയഞ്ചേരി കുടിവെള്ള പദ്ധതി | 279134<br>( ധനകാര്യ കമ്മീ ഷൻ അവാ ർഡ്)<br>ബിൽ നം.<br>124,125,126/ 23.03.19 | ശ്രീ.സുനീഷ്.ടി.കെ<br>25/18-19/16.04.18 | 4മാസം<br>16.04.18 | 21.03.19<br>എം.ബുക്ക്<br>(24,200, 201/18-19)<br>കരാർ കാലാവധി കഴിഞ്ഞ് 01.03..19 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 279134 രൂപയുടെ 3% | 8374 |
| 13 | 309/18-19<br>ചേന്ദമംഗല്ലൂർ ഹൈസ്ക്കൂൾ പൊറ്റശ്ശേരി റോഡ് റീടാറിങ്ങ | 1889478<br>( എം.ജി.റോഡ് ഫണ്ട്)<br>ബിൽ നം.<br>138/20.03.19 | ശ്രീ.അബ്ദു നിസ്സാം<br>35/17-18/29.01.18 | 4മാസം<br>29.01.18 | 02.03.19<br>എം.ബുക്ക്<br>(47,162, 192/18-19)<br>കരാർ കാലാവധി കഴിഞ്ഞ് 16.08.18 നാണ് പ്രവർത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 1905502.81 രൂപയുടെ 3% | 57165 |
| 14 | 372/18-19<br>മുൻസിപ്പൽ ഓഫീസ് നവീകരണം | 500000<br>(തനത് ഫണ്ട്)<br>ബിൽ നം.<br>18216/18.03.19 | ശ്രീ.അബ്ദുൾ ബഷീർ<br>100/17-18/20.03.18 | 4മാസം<br>20.03.18 | 21.03.19<br>എം.ബുക്ക്<br>(114,176/ 17-18)<br>കരാർ കാലാവധി | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ.സി തുക 500000 രൂപയുടെ 3% | 15000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | കഴിഞ്ഞ് 07.01.19 നാണ് പ്രവർത്തി തുടങ്ങിയത് | | | |
| ആകെ | | | | | | | | 203776 |

മേൽ പ്രവൃത്തികളിൽ എഗ്രിമെന്ററിനോടൊപ്പം പ്രവർത്തി കലണ്ടർ ഉൾപ്പെടുത്താതെ ടി.എസ്. സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയാണ് ചേർത്തിട്ടുള്ളത്. 1.2.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC യുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 100% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്.

മേൽ ഉത്തരവ്, സെക്ഷൻ 2005 പ്രകാരം സ്ഥലം കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എം.ഇ. മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 33/2018-19. 21.01. 2020) ലഭ്യമാക്കിയ മറുപടിയിൽ 2018, 2019 വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കം മേൽപ്രവർത്തികളുടെ നടത്തിപ്പിനെ ബാധിച്ചിരുന്നതായി സൂചിപ്പിക്കുന്നു. എന്നാൽ മേൽ പ്രവർത്തികൾക്ക് സ്ഥലം കൈമാറിയിട്ടുള്ളത് 11/2017, 1/2018, 2/2018, 3/2018, 4/2018 എന്നീ മാസങ്ങളിലായിരുന്നു എന്നത് വെള്ളപ്പൊക്കം ഈ പ്രവൃത്തികളുടെ നടത്തിപ്പിന് യാതൊരു വിധത്തിലും ബാധിക്കുന്നതായിരുന്നില്ല എന്ന് വ്യക്തമാകുന്നു. കൂടാതെ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ പിഴ ഒഴിവാക്കണമെന്ന മറുപടിയും തൃപ്തികരമല്ല. പ്രത്യേകിച്ച് കാരണമൊന്നുമില്ലാതെയും കരാറുകാരുടെ അപേക്ഷയൊന്നുമില്ലാതെയും പിഴ ഒഴിവാക്കിയ നഗരസഭയുടെ നടപടി അംഗീകരിയ്ക്കാവുന്നതല്ല. 203776/- രൂപ ഈടാക്കി നഗരസഭ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിക്ഷേപ പ്രവൃത്തിയുടെ പേര് | തുക |
|---|---|
| കച്ചേരി കുറ്റിപ്പായികടവ് പൈപ്പ്ലൈൻ നീട്ടൽ (കെ.ഡബ്ല്യു.എ) | 1000000 |
| കുഴൽ കിണർ നിർമ്മാണം (ഭുജലവകുപ്പ്) | 125490 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | KURDFC/ GP/172/07 | 0 | 4327838 | 4327838 | 177739 | 0 |
| ഇ.എം.എസ് വായ്പ | സ.ഉ.സാ.407/10 തസ്വഭവ.5.2.10 | | 2148857 | - | - | 2148857 |

## 4-5 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്)രസീത് നമ്പർ | നിക്ഷേപിച്ച തിയതി | കാലയളവ് | പലിശ നിരക്ക് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | കേരളാ ഗ്രാമീൺ ബാങ്ക്, 40666141700060 | 23-12-2018 | 21-06-2019 | 7.3% | 4800000 | |
| 2. | കേരളാ ഗ്രാമീൺ ബാങ്ക്, 40666141800002. | 10-1-2018 | 31-7-2019 | 7.45% | 4578639 | |
| ആകെ | | | | | 9378639 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തായിരുന്ന കാലഘട്ടത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | നിലവിലെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 48 | 2003-04 | പൊതു പരാമർശം 1 | കളിമൺപാത്ര യൂണിറ്റ് പ്രവർത്തനമാരംഭിച്ചില്ല | |
| 2001-02 പ്ലാൻ | 16 | 2003-04 | പൊതു പരാമർശം 3 | വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം | |
| 2001-02 | 18 | 2003-04 | പൊതു പരാമർശം 4 | കുടിവെള്ള പദ്ധതികൾ പരിപാലന കമ്മിറ്റികൾക്ക് കൈമാറിയില്ല. | |
| 2000-01 | 32 | 2003-04 | പൊതു പരാമർശം 7 | നികുതി പിരിവിലെ അലംഭാവം വൻതുക കാലഹരണപ്പെട്ടു. | |
| 2001-02 | - | 2004-05 | പൊതു പരാമർശം 3 | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു | |
| 2002-03 | 3-11 | 2005-06 | പൊതു പരാമർശം 70(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല 220950 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) | |
| 2003-04 | 3-11 | 2005-06 | 70(8) | കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയാവുന്നു 38527 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) | |
| 2002-03 | 2 | 2005-06 | 70(14) | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു | |
| 2003-04 | 3-3 | 2005-06 | 74 | വരൾച്ചാ ദുരിതാശ്വാസം 1.2 ലക്ഷം ദുർവ്യയം (തുക ഈടാക്കാൻ RR നടപടി, റിപ്പോർട്ട് നൽകാൻ ശുപാർശ) | |
| 2004-05 | 2-7 | 2006-07 | 3.79.1 | ബസ് സ്റ്റാന്റ് ഫീസ്, മാർക്കറ്റ് ഫീ 90-91 മുതൽ കുടിശ്ശിക | |
| 2004-05 | 3-15 | 2006-07 | 3.79.19 | ടാറിന് അധികനിരക്ക് നൽകി | |
| | 3-16 | 2006-07 | 3.79.19 | മണ്ണ് പ്രവൃത്തി അപാകതകൾ | |

| | | | | | |
|---|---|---|---|---|---|
| 2007-08 | 3-16 | 2009-10 | 3.2.1 | അസാധാരണചെലവ് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയും നിബന്ധനയും പാലിച്ചില്ല. | |
| 2007-08 | 3-21 | 2009-10 | 3.8.11 | മുക്കം ബസ് സ്റ്റാന്റ് യാർഡ് നവീകരണം പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട് | |
| 2009-10 | 3-1 | 2011-12 | 2.7.3 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിഷ്ക്രിയം | |
| | | 2013-14 | 5.3.5.4 | വനിതാ വ്യവസായ കേന്ദ്രം | |
| | | 2013-14 | 5.1.5.10 | കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ | |
| | | 2014-15 | 4.1.8 | ആസ്തികൾ കാടു പിടിച്ച് കിടക്കുന്നു | |
| | | 2015-16 | 4.1.1 | അക്കൗണ്ടിംഗ് സമ്പ്രദായം അടിസ്ഥാന സൗകര്യങ്ങൾ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 197201483 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 204284202 |
| വരവിനങ്ങളിലുള്ള നഷ്ടം | 5050 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 203776 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6649140 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-13 | 5050 | -- | ശ്രീ ഹരീഷ്, സെക്രട്ടറി |
| 1-22 | - | 203776 | ശ്രീമതി ധന്യ.സി.ആർ, മുനിസിപ്പൽ എഞ്ചിനീയർ. |
| ആകെ | 5050 | 203776 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-26 | 80,073 | ശ്രീ ഹരീഷ്, സെക്രട്ടറി |
| 1-27 | 1,40,000 | ശ്രീമതി .നീതു.കെ,പ്രോജക്ട് ഓഫീസർ |
| 1-31 | 4,00,000 | ശ്രീമതി .നീതു.കെ ,പ്രോജക്ട് ഓഫീസർ |
| 1-32 | 2,50,000 | ശ്രീ ഹരീഷ്, സെക്രട്ടറി |
| 1-34 | 24,75,000 | ശ്രീ ഹരീഷ്, സെക്രട്ടറി |
| 1-35 | 25,000 | ശ്രീ ഹരീഷ്, സെക്രട്ടറി |
| 1-36 | 21,84,184 | |
| 1-37 | 10,94,883 | റസിയ, പ്രിൻസിപ്പൽ,ജി.എച്ച്.എസ്.എസ്,നീലേശ്വരം. |
| ആകെ | 6649140 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖണ്ഡിക നമ്പർ : 1-37

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ധന്യ.സി.ആർ. | മുനിസിപ്പൽ എഞ്ചിനീയർ. | സൗഭാഗ്യ വീട്, പ്രോവിഡൻസ് കോളേജിന് -ന് സമീപം, മലാപ്പറമ്പ്, കോഴിക്കോട്. |
| ശ്രീമതി .നീതു.കെ | പ്രോജക്ട് ഓഫീസർ | തുമ്പോണ വീട്, അഗസ്ത്യൻമുഴി നീലേശ്വരം പി.ഒ., മുക്കം. |
| ശ്രീ ഹരീഷ്, | സെക്രട്ടറി | നായരുകുന്നത്ത്, വെസ്റ്റ് പിലാശ്ശേരി, കുന്നമംഗലം, കോഴിക്കോട്. |
| ശ്രീമതി.റസിയ | പ്രിൻസിപ്പാൾ | കട്ടയാട്ട് വീട്, ചെറുവാടി, മാവൂർ, കോഴിക്കോട് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി(പി3)209/10(12)<br>തീയതിഃ 10.05.2011 | 10 | |
| 1997-98 | എൽ എഫ് കെ കെ ഡി(പി3)<br>832/13(7)തി 4.07.2013 | 4 | |
| 1998-99 | എൽ എഫ് കെ കെ ഡി(പി3)<br>209/10(14)<br>തീയതിഃ10.05.2011 | 8 | |
| 1999-00 | എൽ എഫ് കെ കെ ഡി(പി3)<br>209/10(15)<br>തീയതിഃ10.05.2011 | 24 | |
| 2000-01 | എൽ എഫ് കെ കെ ഡി(പി3)<br>209/10(16)<br>തീയതിഃ10.05.2011 | 31 | |
| 2001-02 പദ്ധതി | എൽ എഫ് കെ കെ ഡി(പി3)<br>209/10(18)<br>തീയതിഃ10.05.2011 | 13 | |
| 2001-02 | എൽ എഫ് കെ കെ ഡി(പി3)<br>209/10(17)<br>തീയതിഃ 10.05.2011 | 9 | |
| 2002-03 | എൽ എഫ് കെ കെ ഡി(പി3)<br>209/10(19)<br>തീയതിഃ 10.05.2011 | 17 | |
| 2003-04 | എൽ എഫ് കെ കെ ഡി(പി3)<br>209/10(20)<br>തീയതിഃ10.05.2011 | 9 | |
| 2004-05 | എൽ എഫ് കെ കെ ഡി(പി3)<br>209/10(21)<br>തീയതിഃ10.05.2011 | 19 | |
| 2005-06 | എൽ എഫ് കെ കെ ഡി(പി3)<br>209/10(22)<br>തീയതിഃ10.05.2011 | 21 | |
| 2006-07 | എൽ എഫ് കെ കെ ഡി(പി3) 209/10<br>തീയതിഃ 10.05.2011 | 24 | |
| 2007-08 | എൽ എഫ് കെ കെ ഡി (പി3) 1293/10<br>തീയതിഃ23.12.2010 | 60 | |
| 2008-09 | എൽ എഫ് കെ കെ ഡി(പി3) 1100/12<br>തീയതിഃ27.07.2012 | 22 | |
| 2009-10 | എൽ എഫ് കെ കെ ഡി(പി3) 239/12<br>തീയതിഃ15.4.2013 | 13 | |
| 2010-11 | എൽ എഫ് കെ കെ ഡി (പി3) 238/13<br>തീയതിഃ13.8.2013 | 23 | |
| 2011-12 | എൽ എഫ് കെ കെ ഡി (പി9)<br>1156/2014<br>തീയതിഃ1.08.2014 | 20 | |
| 2012-13 | എൽ എഫ് കെ കെ ഡി(പി9)1828/2014<br>തീയതിഃ12.12.2014 | 12 | |
| 2013-14 | എൽ എഫ് കെ കെ ഡി (പി9) | 16 | |

| | | | |
|---|---|---|---|
| | 1309/2015<br>തീയതി:19.09.2015 | | |
| 2014-15 | കെ എസ് എ കെ കെ ഡി പി 9/1309/15 തി. 14.3.2016 | 44 | |
| 2015-16 (upto 31-10-15) | കെ എസ് എ കെ കെ ഡി പി 14/153/17 തി. 31.01.2017 | 14 | |
| 2015-16 (11/15 to 3/16) | കെ എസ് എ കെ കെ ഡി പി 14/754/17 തി. 31.01.2017 | 31 | |
| 2016-17 | കെ എസ് എ കെ കെ ഡി പി 14/1735/17 തി. 31.01.2017 | 35 | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# **അനുബന്ധം-1**

## **ഓഡിറ്റ് സാക്ഷ്യപത്രം**

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/177/2020 തീയതി:26.05.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ

അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുക്കം മുനിസിപ്പാലിറ്റി/ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.